**തിരുവല്ലാ അതിരൂപതാ ബുള്ളറ്റിൻ**

Vol. XIV Aug.-Sep. 2011 No.5

*Imprimatur*

**Most Rev. Dr. Thomas Mar Koorilos**
*Archbishop of Tiruvalla*

*Chief Editor*
**Rev. Dr. Antony Chethipuzha**
*Chancellor*
*Archbishop's House*
*Tiruvalla*
*Mob. 9447297814*

*Editor*
**Bro.John Padipurackal**
*Archbishop's House*
*Tiruvalla*
*Mob. 9495546750*
*E-mail :*
*mgirinadam@gmail.com*

## ഈ ലക്കത്തിൽ....

| | |
|---|---|
| ഇടയശബ്ദം | 2 |
| സർക്കുലർ | 6 |
| സർക്കുലർ | 9 |
| ആഗോളസഭാ വാർത്ത | 12 |
| മലങ്കര സഭാ വാർത്തകൾ | 13 |
| അതിരൂപതാ വാർത്തകൾ | 14 |
| സെമിനാരി | 15 |
| എം.സി.സി.എൽ. | 19 |
| സൺഡേസ്കൂൾ | 21 |
| എം.സി.വൈ.എം. | 22 |
| എം.സി.എ | 23 |
| കുടുംബപ്രേഷിതാലയം | 24 |
| ബൈബിൾ അപ്പസ്തോലേറ്റ് | 25 |
| പുഷ്പഗിരി | 25 |
| ബോധന | 30 |
| കോർപ്പറേറ്റ് മാനേജ്മെന്റ് | 37 |
| മാർ സേവേറിയോസ് കോളേജ്, ചെങ്ങരൂർ | 37 |
| മാക്ഫാസ്റ്റ് | 39 |
| റേഡിയോ മാക്ഫാസ്റ്റ് | 40 |
| അഡ്വർടൈസ്മെന്റ് | 41 |
| ജന്മദിനാശംസ | 42 |
| സ്മരണാഞ്ജലി | 42 |
| അഭി. സ്തേഫാനോസ് പിതാവിന്റെ ഡയറി | 43 |
| അഭി. കൂറിലോസ് പിതാവിന്റെ ഡയറി | 44 |



# ഇടയ ശബ്ദം

“ഞാനൊരു കത്തോലിക്കനായിരിക്കുന്നതിൽ അഭിമാനിക്കുന്നു” എന്ന സ്വരം കഴിഞ്ഞ അതിരൂപതാ അസംബ്ലിയിൽ മുഴങ്ങിക്കേട്ടപ്പോൾ ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് പിതാവ് നയിച്ച പുനരൈക്യത്തെപ്പറ്റി അഭിമാനത്തോടെ ഓർക്കുന്നു. യേശുക്രിസ്തുവിന്റെ പൗരോഹിത്യ പ്രാർത്ഥനയുടെ പ്രധാനമായ ഒരു ഭാഗമാണ് തന്നിൽ വിശ്വസിക്കുന്നവരുടെ ഐക്യം. ഇതിലൂടെ മാത്രമേ യേശുക്രിസ്തു ലോകരക്ഷകനായി അറിയപ്പെടുകയുള്ളൂ എന്ന് അവിടുന്ന് പഠിപ്പിക്കുന്നു. ആയതുകൊണ്ട് ക്രൈസ്തവരുടെ ഐക്യം പൊതുവിൽ നന്മ ഉണ്ടാക്കും എന്നുള്ളതു കൊണ്ടുമാത്രമല്ല കമനീയം, മറിച്ച് അത് അസ്തിത്വപരമായ ഒരാവശ്യം കൂടിയാണ് എന്ന് ബോദ്ധ്യപ്പെടുത്തുന്നു.

മലങ്കര കത്തോലിക്കാ സഭയുടെ പ്രസക്തിയും പ്രാധാന്യവും ഈ പശ്ചാത്തലത്തിൽ ആണ് നാം മനസ്സിലാക്കേണ്ടത്. എല്ലാ വർഷവും പുനരൈക്യവാർഷീകം ആഘോഷിച്ച് നാം ഈ സത്യം ലോകത്തോടും നമ്മോടുതന്നെയും പ്രകടിപ്പിക്കുകയാണ്. ചട്ടക്കൂടുകളെയും വ്യവസ്ഥാപിതമായവയെയും തള്ളിപ്പറയുന്ന ആധുനിക മനുഷ്യന്റെ ഇംഗിതങ്ങൾക്കൊത്തു താളം ചവിട്ടുന്ന സംഘടനകളെയും സംവിധാനങ്ങളെയും ‘സഭ’യായി തെറ്റിദ്ധരിച്ച് അവരവർ ഒരുക്കുന്ന മൂഢലോകത്തിൽ വിഹരിക്കുന്ന ഒരു കാലഘട്ടത്തിൽ സഭയുടെ യഥാർത്ഥമായ മുഖം എല്ലാവർക്കും വെല്ലുവിളിയാണ്. പൗരോഹിത്യത്തെയും കൂദാശകളെയും തള്ളിപ്പറഞ്ഞ് സുവിശേഷ പ്രസംഗകർ ഒരുക്കുന്ന കെണിയിൽ ഏതുവിധേനയും വീഴ്ത്തി, തങ്ങളുടെ കാര്യസാദ്ധ്യത്തിനായി തിരുവചനത്തെ വളച്ചൊടിക്കുന്ന കൊടുംക്രൂരത ദൈവകോപത്തിനും ശിക്ഷാവിധിക്കും മാത്രമെ ഇടയാക്കൂ എന്ന് അറിയുക.

“ജനങ്ങൾ ഉത്തമമായ പ്രബോധനത്തിൽ സഹിഷ്ണുത കാണിക്കാത്ത കാലം വരുന്നു. കേൾവിക്കിമ്പമുള്ളവയിൽ ആവേശം കൊള്ളുകയാൽ അവർ തങ്ങളുടെ അഭിരുചിക്കു ചേർന്ന പ്രബോധകരെ വിളിച്ചു കൂട്ടും. അവർ സത്യത്തിനു നേരെ ചെവിയടച്ച് കെട്ടുകഥകളിലേക്കു ശ്രദ്ധതിരിക്കും” (2 Tim 4:3-4).

കർത്താവു തന്റെ സഭയ്ക്കു നൽകിയ വലിയ ദാനമാണ് സത്യമായ പ്രബോധനം. ഈ സത്യത്തെ നിരാകരിച്ചു എങ്കിലേ മനുഷ്യൻ പാപത്തിലേക്കു വീഴുകയുള്ളൂ. ആയതുകൊണ്ട് അസത്യമായതും സ്വീകരിക്കുവാനെളുപ്പമായതും ജനകീയമായതുമായ കാര്യങ്ങൾ പല ന്യായീകരണത്തിന്റെ പിൻബലത്തിൽ സഭാ മക്കളുടെ ഇടയിൽ കയറിക്കൂടി തിന്മയിലേക്കു കൊണ്ടുപോകുവാൻ സാത്താൻ നിദാന്തമായി ശ്രമിക്കുന്നു. ഏറെ സ്വീകാര്യമായ ശൈലിയിലും യുക്തിപരമായും ആണ് ഈ മേഖലയിൽ സഭാതനയരെ സാത്താൻ വശീകരിക്കുന്നത്.

വിശ്വാസാരൂപി ഇന്ന് ഏറെ ക്ഷയിച്ചുകൊണ്ടിരിക്കുന്നു. വർത്തമാന കാലത്തിലെ പല സംഭവങ്ങളും സഭാമക്കളുടെ ഇടയിൽ തന്നെയുള്ള പല ന്യൂനതകളും ആവശ്യത്തിലധികം വിശദീകരിച്ചുകൊണ്ട് സഭയിലും സഭാവിശ്വാസത്തിലും വിള്ളലുകൾ ഉണ്ടാക്കുവാൻ ഒരുപാടു പരിശ്രമം നടക്കുന്നു. കുറെയെങ്കിലും ജനങ്ങളെ സഭയിൽനിന്നും അകറ്റുന്നതിനും അതുമല്ലെങ്കിൽ സംശയത്തോടെ കാണുന്നതിനും സമീപിക്കുന്നതിനും ഇടയാക്കിയിട്ടുണ്ട് എന്നത് നഗ്നമായ സത്യം മാത്രം.

വിശ്വാസത്യാഗം (Apostacy) എന്ന വലിയ തിന്മയിലേക്ക് ഇന്ന് ദൈവമക്കൾ ജാഗരൂകതയില്ലാത്തതുകൊണ്ട് ചെന്ന് വീഴുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിൽ ഭൂമിയിൽ വിശ്വാസം ഉണ്ടായിരിക്കുമോ എന്ന ക്രിസ്തുനാഥന്റെ സന്ദേഹം കൂടുതൽ പ്രബലമായി കൊണ്ടിരിക്കുന്നു എന്നുതന്നെ കരുതണം. കുടുംബങ്ങളിലും ഇടവകകളിലും സഭയിലും സമൂഹത്തിലും ഇതിന്റെ പ്രതിധ്വനികൾ നാം കാണുന്നു. ദൈവചിന്തയും ദൈവഭയവും സാവകാശം മങ്ങി മറയുന്നു എന്നതാണ് ഏറ്റം വലിയ കാരണം. ദൈവസ്ഥാനത്ത് മറ്റ് പലതിനെയും പ്രതിഷ്ഠിക്കുവാൻ മനുഷ്യൻ വെമ്പുന്നു. പണവും പ്രതാപവും അധികാരവും സുസ്ഥിതിയും മാത്രമാണ് മൂല്യങ്ങൾ എന്ന ധാരണയിൽ സത്യവും ആത്മാർത്ഥതയും ധർമ്മവും ആപേക്ഷികങ്ങളും വിട്ടുവീഴ്ച ചെയ്യാവുന്നതുമായി ഗണിക്കപ്പെടുന്നു. ഇന്ന് ഐക്യത്തിനും അഖണ്ഡതയ്ക്കും ഒരുപാട് വെല്ലുവിളികളാണ് ഉള്ളത്. ഐക്യത്തെ തകർക്കുന്നതിലാണ് സത്യമെന്നും ധർമ്മമെന്നും ചിന്തിക്കുന്നു. കുടുംബങ്ങളിലുള്ള കലഹങ്ങളും ഛിദ്രങ്ങളും എല്ലാം ഇതിന്റെ സൂചനകൾ





ആണ്.

കാനോനികമായ ഒരു ഐക്യം മാത്രമല്ല നാം വിഭാവന ചെയ്യുന്നത്. മറിച്ച് സമസ്ത മേഖലകളിലും പ്രാർത്ഥനയും സാഹോദര്യവും സമാധാനവും നിറയണം. പുനരൈക്യം എന്നതു കൊണ്ടർത്ഥമാക്കേണ്ടത് ഈ രണ്ടാമത്തെ കാര്യംകൂടിയാണ്. ഇതു നമ്മുടെ ജീവിതശൈലിയും സമീപനവും ആകേണ്ടിയിരിക്കുന്നു. അതുകൊണ്ട് പുനരൈക്യത്തിന് സർവ്വലൗകികമായ ഒരു മാനമുണ്ട്. ഇതിലേക്ക് മലങ്കര കത്തോലിക്കരായ നാം വളരേണ്ടിയിരിക്കുന്നു.

ഭാരതം ഇന്ന് ജനകീയ സമരങ്ങളുടെ മുറവിളികൊണ്ട് ആടിയുലയുകയാണ്. അഭൂതപൂർവ്വമായ സമരങ്ങളിൽ പങ്കെടുക്കുവാൻ യാതൊരു പരപ്രേരണയോ സമ്മർദ്ദങ്ങളോ ഇല്ലാതെ ആയിരങ്ങൾ തടിച്ചുകൂടുന്നു. രാഷ്ട്രീയക്കാരും സർക്കാരുദ്യോഗസ്ഥരും ജനജീവിതം ദുസ്സഹമാക്കിയിരിക്കുന്നു. അഴിമതിക്കും സ്വജനപക്ഷപാതത്തിനും കൈക്കൂലിയ്ക്കും ഇടംകൊടുക്കുന്ന ഒരുപാടു നിയമങ്ങൾ അനുദിനം ചമച്ചുവിടുന്നു. ഏതു നിയമം ഉണ്ടാക്കിയാലും അത്രകൂടി അഴിമതി വർദ്ധിക്കുന്നേയുള്ളൂ എന്ന നഗ്നസത്യം അധികാരികൾ അറിയുന്നില്ലന്നല്ല, മറിച്ച് അതാണ് ശരിയും നടക്കേണ്ടതെന്നുമുള്ള തോന്നലാണ്. ഓരോ അനുവാദങ്ങൾക്കും വേണ്ടി സർക്കാർ ഓഫീസുകൾ കയറിയിറങ്ങാമെന്നല്ലാതെ ഒരു പ്രയോജനവും ഇല്ല. സമൂഹജീവിതം മൊത്തം രാഷ്ട്രീയവൽക്കരിച്ചിരിക്കുകയാണ്. ഈ ജനകീയ സമരങ്ങളെ ദുർബലപ്പെടുത്താനായിരിക്കരുത് അധികാരികൾ ശ്രമിക്കേണ്ടത്. മറിച്ച്, ജനജീവിതം സുഗമമാക്കുവാനുള്ള സത്വര നടപടികൾ ആണ് ആലോചിക്കേണ്ടത്. അധികാരക്കസേരകളിൽ ഇരിക്കുന്നവർ കൃത്യമായ നിലപാടുകൾ എടുക്കാതിരുന്നതുകൊണ്ടുള്ള വലിയ വിപത്താണ് ഭാരതം കണ്ട ഞെട്ടിപ്പിക്കുന്ന അഴിമതികളും കോഴകളും. ജനനായകർ തിഹാർ ജയിലിൽ സുഖവാസമനുഷ്ഠിക്കുന്നു എങ്കിലും പൊതുഖജനാവ് ധൂർത്തടിക്കുന്നതിനും സ്വന്തം പോക്കറ്റുകൾ വീർപ്പിക്കുന്നതിനും വീര്യം കാട്ടുന്നവർ കുറഞ്ഞിട്ടില്ല.

ഭാരതത്തിന്റെ ധർമ്മവും ജനാധിപത്യവും നിലനിർത്തുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിക്കേണ്ടവരാണ് നീതിന്യായ പീഠവും മാദ്ധ്യമങ്ങളും. ഈ രണ്ടുതലങ്ങളിലും ഏറെ ശ്രദ്ധയും സുതാര്യതയും നീതിബോധവും ഉത്തരവാദിത്വബോധവും ഉണ്ടായിരിക്കേണ്ടതാ

ണ്. പലപ്പോഴും മാദ്ധ്യമങ്ങളുടെ താല്പര്യങ്ങൾ എന്താണെന്ന് ചെറുതായിട്ടെങ്കിലും വിശകലനം ചെയ്താൽ മനസ്സിലാക്കാവുന്നതാണ്. മുൻവിധികളും നേരത്തെ തീർച്ചപ്പെടുത്തിയ ഉത്തരങ്ങളും തന്മയത്തത്തോടെ അവതരിപ്പിച്ച് സാധാരണ മനസ്സുകളെക്കൊണ്ട് തെറ്റായ നിഗമനങ്ങൾ എടുക്കുന്നതിനും ഇടയാക്കുന്ന മാദ്ധ്യമശൈലികൾ സമൂഹത്തെ വിഷലിപ്തമാക്കുകയാണ്. ഏതാനും വർഷങ്ങൾക്കു മുമ്പ് കവിയൂരിൽ കബറടക്കിയ ഒരു അപ്പച്ചന്റെ മൃതദേഹം കവർന്നെടുത്തു എന്ന ആക്ഷേപം ഉയർത്തിയ ഒരു പത്രത്തിന്റെ വാർത്ത പേജു പൊക്കിപ്പിടിച്ച് നിയമസഭയെ മുഴുവൻ മുൾമുനയിൽ നിർത്തിയ ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ്; അപ്പച്ചന്റെ കബർ തുറന്ന് കണ്ടപ്പോൾ ചെയ്തതും പറഞ്ഞതും തെറ്റായിപ്പോയി എന്ന് ഒരു വാക്കെങ്കിലും പറയാൻ തുനിഞ്ഞില്ല; ഒപ്പം കൂടെനിന്ന പത്രങ്ങളും. പൊതു സമൂഹത്തിന്റെ മുഴുവൻ കണ്ണുകളിൽ സംശയം ജനിപ്പിക്കുവാൻ മാത്രമേ ഈ കാര്യങ്ങൾക്കു കഴിഞ്ഞിട്ടുള്ളൂ. ഇതാണ് ഇവിടുത്തെ മാദ്ധ്യമ ധർമ്മം. സത്യത്തിന്റെ ഒരു കണികപോലും ഇല്ലാത്തതിനെ സത്യമായി ചമച്ചുവിട്ട് പൊതുസമൂഹത്തിന്റെ ജിജ്ഞാസയെ ആളിക്കത്തിക്കുന്ന ഈ ശൈലിക്കു എങ്ങനെ മാദ്ധ്യമ ധർമ്മം എന്നുവിളിക്കാൻ കഴിയും. ആർക്കും ഒരു ഗുണവും ചെയ്യാത്ത ചർച്ചകളുടെ പരമ്പരകളാണ് നിരന്തരം നടക്കുന്നത്. ഈ നാട്ടിലെ വികസന കാര്യങ്ങളോ പൊതുസമൂഹം ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങളോ, മനോഭാവങ്ങളോ, ഒന്നുംതന്നെ ശ്രദ്ധിക്കാതെ പോകുന്നു. തിന്മകൊണ്ട് തിന്മയെ നേരിടാൻ പറ്റുകയില്ല. നന്മകൊണ്ട് മാത്രമെ തിന്മയെ കീഴടക്കാൻ പറ്റൂ. ഇതായിരിക്കണം മാദ്ധ്യമങ്ങളുടെ ധർമ്മം. സത്യത്തിനും സാഹോദര്യത്തിനും അഖണ്ഡതയ്ക്കുംവേണ്ടി പൊതുസമൂഹത്തെ ഉണർത്തണം.

**+ തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്
തിരുവല്ലാ അതിരൂപത

# 2011 ആഗസ്റ്റ് 14: തടവറ പ്രേഷിത ദിനം

**കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ്സ് ഫ്രറ്റേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനത്തിൽ സഭാമക്കൾ പങ്ക് ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുക്രിസ്തുവിൽ സ്നേഹമുള്ളവരേ,

ആഗസ്റ്റ് 14-ാം തീയതി വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബെയുടെ തിരുനാൾ സാർവത്രിക സഭ കൊണ്ടാടുകയാണ്. ഈ ദിനം തന്നെയാണ് ഭാരത സഭ തടവറ പ്രേഷിത ദിനമായി ആചരിക്കുന്നത്. ജർമ്മനിയിലുള്ള നാത്സി തടവറയിൽ സഹതടവുകാരനുവേണ്ടി സ്വജീവൻ അർപ്പിച്ച വിശുദ്ധനാണ് കോൾബെ. സഹോദരനുവേണ്ടി ജീവൻ ബലി അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്ന ക്രിസ്തുസന്ദേശം ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തിയ അദ്ദേഹം തടവുകാരോടു നമുക്ക് ഉണ്ടായിരിക്കേണ്ട കാരുണ്യത്തിന് ഉത്തമ മാതൃകയാണ്. നീതിമാൻമാരെയല്ല, പാപികളെ വിളിക്കാനാണ് ഞാൻ വന്നിരിക്കുന്നത് (മത്തായി. 9.13) എന്ന യേശുനാഥന്റെ പ്രബോധനം അർത്ഥവത്താക്കുകയാണ് തടവറ പ്രേഷിത പ്രവർത്തനത്തിന്റെ ലക്ഷ്യം. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റി നിറുത്തപ്പെടുന്നവരെ നല്ല ഇടയനായ ക്രിസ്തുനാഥന്റെ മാതൃകയിൽ അന്വേഷിച്ച് കണ്ടെത്തി മാറോടണയ്ക്കുകയാണ് തടവറ പ്രേഷിതത്വം നിർവഹിക്കുന്നത്. ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങളെന്നെ സന്ദർശിച്ചു (മത്താ.25.36) എന്ന യേശു വചനം ഈ ശുശ്രൂഷയിലേക്ക് കടന്ന് വരാൻ ഏവർക്കും പ്രേരകമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

മനുഷ്യന്റെ എല്ലാ നൊമ്പരങ്ങളോടും താദാത്മ്യം പ്രാപിച്ചുകൊണ്ടാണ് ഈശോ മനുഷ്യന്റെ വേദന ദൈവത്തിന്റെ വേദനയാണെന്ന് നമ്മെ പഠിപ്പിക്കുന്നത്. ആയതിനാൽ തടവറ മക്കളുടെയും വേദന ഏറ്റുവാങ്ങാൻ അവിടന്ന് തിരുവുള്ളമായി. ഒരു രാത്രി മുഴുവനും അവിടന്ന് പീലാത്തോസിന്റെ തടവറയിലായിരുന്നു. ക്രൂരമായ ശാരീരിക





മാനസിക പീഡകൾ ഏറ്റെടുത്ത് അവിടുന്ന് ഒരു കുറ്റവാളിയെപ്പോലെ ക്രൂശിലേറ്റപ്പെട്ട്, മരിച്ച് ഉത്ഥാനം ചെയ്തു. ജയിൽ വാസികൾ ക്രിസ്തുവിനോട് താദാത്മ്യപ്പെടുകയും പുതുജീവിതത്തിലേക്ക് പ്രവേശിക്കുകയും വേണമെന്ന ലക്ഷ്യത്തോടെയാണ് ജീസസ്സ് ഫ്രറ്റേണിറ്റി പ്രവർത്തിക്കുന്നത്. തടവറക്കാർ കുറ്റബോധവും നിരാശയും കൊണ്ട് നിറഞ്ഞവരാകാൻ സാധ്യതയുണ്ട്. അവരിൽ പശ്ചാത്താപവും മാനസാന്തരവും ജനിപ്പിച്ച് പ്രത്യാശയിലേക്ക് നയിക്കാനാണ് ജീസസ്സ് ഫ്രറ്റേണിറ്റി ശ്രമിക്കുന്നത്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയും സ്നേഹവും, വാക്കിലൂടെയും പ്രവൃത്തിയിലൂടെയും തടവറ മക്കളിലേക്ക് പകരാവുന്ന സുപ്രവർത്തനങ്ങളിൽ അനേകർ കടന്നുവരിക ആവശ്യമാണ്.

കാരാഗൃഹവാസം അന്യായമായി അനുഭവിക്കുന്നവരുണ്ടാകാം. ആദിമ സഭയുടെ ചരിത്രം അന്യായമായി തടങ്കലിൽ വേദന അനുഭവിച്ചവരുടെ ചരിത്രം കൂടിയാണ്. ജയിലിൽ സ്തോത്രം പാടിയ പൗലോസും സീലാസും തടവറവാസം എങ്ങനെ ഭാവാത്മകമായി ഉപയോഗപ്പെടുത്താം എന്നതിന് ഉത്തമ ഉദാഹരണങ്ങളാണ്. ഓരോ നാടിന്റെയും സ്വാതന്ത്ര്യ സമരചരിത്രത്തിലും അന്യായമായി തടങ്കലിൽ പീഡിപ്പിക്കപ്പെട്ട എത്രയോ മഹദ് വ്യക്തികളെ കാണാം. തങ്ങളുടെ കാരാഗൃഹവാസം വായനയിലും ഗ്രന്ഥരചനയിലും ഏർപ്പെട്ട് ഉദാത്തമാക്കിയ ആ മഹാന്മാരുടെ മാതൃകയിലേക്ക് തടവറയിൽ കഴിയുന്നവരുടെ ശ്രദ്ധയെ തിരിക്കുന്നത് അവരെ നിഷേധാത്മക മനോഭാവത്തിൽ നിന്നും പുറത്ത് കടക്കുവാൻ സഹായിക്കും.

ബന്ധിതരെ മോചിപ്പിക്കുവാൻ വന്ന യേശുനാഥന്റെ മാർഗ്ഗം സ്വീകരിച്ച് തടവറയിലെ സഹോദരരെ സന്ദർശിച്ച് ആശ്വസിപ്പിക്കാനും, മാതാപിതാക്കളോ സഹോദരരോ തടവറയിലായിരിക്കുന്നതുകൊണ്ട് ദുരിതമനുഭവിക്കുന്നവരുടെ കുടുംബങ്ങളെ സഹായിക്കാനും കരുതുവാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. കെ.സി.ബി.സി യുടെ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ കീഴിൽ ഇത്തരത്തിലുള്ളവരെ സംരക്ഷിച്ച് വളർത്താൻ 13 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് കുട്ടികളെ സഹായിക്കുകയും തടവറയിൽനിന്നും പുറത്ത്

വരുന്ന സഹോദരരെ പുനരധിവസിപ്പിച്ച് പുതിയ ജീവിത മേഖലകളി ലേക്ക് നയിക്കുകയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങളിലെല്ലാം എല്ലാ വരുടെയും സഹകരണമുണ്ടാകണമെന്നും ഈ ശുശ്രൂഷയ്ക്ക് വേണ്ട സാമ്പത്തിക സഹായം ഉദാരമായി നല്കണമെന്നും എല്ലാവരോടും സ്നേഹപുരസ്സരം അപേക്ഷിക്കുന്നു.

ക്രിസ്തുവിന്റെ സ്നേഹത്താൽ നമ്മെ നിറയ്ക്കുന്നതും സ്വർഗ്ഗരാജ്യ പ്രവേശനത്തിന് നമ്മെ സഹായിക്കുന്നതുമായ ഈ മനോഗുണ പ്രവൃത്തിയിൽ പങ്കാളികളാകുവാൻ പരിശുദ്ധാത്മാവായ ദൈവം നമ്മെ സഹായിക്കട്ടെ. ദൈവപിതാവിന്റെ സ്നേഹവും പുത്രൻ തമ്പുരാന്റെ കൃപയും പാവനാത്മാവിന്റെ സഹവാസവും നിങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട്,

ജീസസ്സ് ഫ്രറ്റേണിറ്റിക്കുവേണ്ടി

**ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
**ബിഷപ് മാർ ബോസ്കോ പുത്തൂർ**
വൈസ് ചെയർമെൻ, കെ.സി.ബി.സി. ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

## ബഹു. വൈദികരുടെ വാർഷികധ്യാനം

തിരുവല്ല അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം ഈ വർഷം ഒക്ടോബർ 10 മുതൽ 14 വരെ ശാന്തിനിലയത്തിൽവച്ച് നടക്കുന്നതായിരിക്കും.





# 2011 ആഗസ്റ്റ് 21: ജസ്റ്റീസ് സൺഡേ

വന്ദ്യ വൈദികരേ, പ്രിയസന്ന്യസ്തരേ, കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഭാരത സഭ ഈ വർഷം ആഗസ്റ്റ് 21-ാം തീയതി നീതി ഞായറാഴ്ച ജസ്റ്റിസ് സൺഡേ ആയി ആചരിക്കുകയാണ്. മതത്തിന്റെ പേരിൽ തുല്യാവകാശവും നീതിയും നിഷേധിക്കപ്പെട്ട ഭാരതത്തിലെ ദലിത് ക്രൈസ്തവർ നീതിക്കുവേണ്ടി പോരാടുന്ന സാഹചര്യത്തിലാണ് വീണ്ടും നീതിഞായർ കടന്നുവരുന്നത്. ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 64 വർഷം തികയുകയാണ്. സ്വതന്ത്രഭാരതത്തിൽ നീതി കിട്ടാത്ത ഒരു ജനവിഭാഗം ദലിത് ക്രൈസ്തവരല്ലാതെ മറ്റൊന്നുണ്ടാവില്ലെന്ന് കഴിഞ്ഞ 64 വർഷങ്ങളായി നാം മനസ്സിലാക്കുന്നു. ജാതിയുടെയോ മതത്തിന്റെയോ പ്രദേശത്തിന്റെയോ പേരിൽ ഒരു പൗരനും വിവേചനം പാടില്ലായെന്ന് ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്നുണ്ട്. ഏതു പൗരനും ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതിനും വിശ്വസിക്കുന്നതിനും മതാനുഷ്ഠാനമനുസരിച്ച് ജീവിക്കുന്നതിനും വിശ്വാസം പ്രഖ്യാപിക്കുന്നതിനും ഭരണഘടന അവകാശം നല്കുന്നു (Article 3:25 (1)). മതം മാറുന്നതുകൊണ്ട് ഒരു വ്യക്തിയുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ രാഷ്ട്രീയ സ്ഥിതിയിൽ മാറ്റം സംഭവിക്കണമെന്നില്ല. ഇത്തരം സാഹചര്യം നിലനില്ക്കേ ദലിത് ക്രൈസ്തവർ "ക്രിസ്തുമതം സ്വീകരിച്ചു" എന്ന ഒറ്റക്കാരണത്താൽ ഇന്ത്യൻ പൗരന് ഭരണഘടനാപരമായി ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിക്കുന്നത് കടുത്ത അനീതിയാണ്. മാത്രമല്ല, ഇത് ഭരണഘടനാ ലംഘനവും മനുഷ്യാവകാശ ധ്വംസനവുമാണ്. ഈ നീതി നിഷേധത്തിനെതിരേ ദലിത് ക്രൈസ്തവർ കഴിഞ്ഞ 64 വർഷമായി നിരന്തരമായ പോരാട്ടത്തിലാണ്.

നീതി നിഷേധിക്കപ്പെട്ട ദലിത്, ആദിവാസി, പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങളുടെ വിമോചനത്തിനായി പ്രവർത്തിച്ചതിന്റെ പേരിൽ നിരവധി വൈദികരും സന്യാസിനികളും അല്മായരും അതിദാരുണമായി പീഡിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്ത നിരവധി സംഭവങ്ങൾ ഈ അവസരത്തിൽ നാം ഓർക്കേണ്ടതാണ്. നീതിക്കുവേണ്ടി നടത്തുന്ന നിരാലംബരായ ദലിത് ക്രൈസ്തവരുടെ പോരാട്ടത്തെ കേന്ദ്ര

ഭരണകൂടത്തിലും സംസ്ഥാന നിയമസഭകളിലും മാറിമാറി വന്നിട്ടുള്ള അധികാരികൾ കണ്ടില്ലെന്നു നടിക്കുകയാണ്. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിലും ഇക്കഴിഞ്ഞ കേരളാ നിയമസഭ തിരഞ്ഞെടുപ്പിലും ദലിത് ക്രൈസ്തവരെ സ്ഥാനാർത്ഥികളാക്കുന്നതിൽ ഇടതുപക്ഷവും വലതുപക്ഷവും ഒട്ടുംതന്നെ താത്പര്യം കാണിച്ചില്ല എന്നത് വേദനിപ്പിക്കുന്ന യാഥാർത്ഥ്യമാണ്.

2004-ൽ ഫ്രാങ്കിളിൻ സീസർ സുപ്രീം കോടതിയിലെത്തിച്ച കേസിൽ പതിനായിരത്തിലധികം പേജുകൾ വരുന്ന തെളിവുകൾവഴി ദലിത് ക്രൈസ്തവർ സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയിലാണെന്ന് സമർത്ഥിച്ചു. പട്ടികജാതിക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച ഉത്തരവിന്റെ മൂന്നാം ഖണ്ഡികയുടെ ഭരണഘടനാപരമായ സാധുത ചോദ്യം ചെയ്യപ്പെട്ടു. ദലിത് ക്രൈസ്തവർക്ക് ആനുകൂല്യം നിഷേധിക്കുന്നത് നിയമപരമായി ശരിയാണോയെന്ന് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി നിയമിക്കപ്പെട്ട ജസ്റ്റീസ് രംഗനാഥമിശ്ര കമ്മീഷൻ പട്ടികജാതി സംവരണത്തിന് മതവിശ്വാസം തടസ്സമാകാൻ പാടില്ലായെന്ന് ശുപാർശ ചെയ്തു. പക്ഷേ ഇത് നടപ്പിലാക്കാനുള്ള ഇച്ഛാശക്തി സർക്കാരിന് ഇല്ലാതെ പോയി. ദലിത് ക്രൈസ്തവരുടെ സംവരണ പ്രശ്നം ആനുകൂല്യങ്ങൾക്കുവേണ്ടി മാത്രമുള്ളതല്ല, മറിച്ച് ഇന്ത്യൻ പൗരന് ലഭിക്കേണ്ട ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടിയുള്ളതുമാണ്.

1956-ൽ സിക്കുമത വിശ്വാസികളായ ദലിതരെയും 1990-ൽ ബുദ്ധമത വിശ്വാസികളായ ദലിതരെയും ഭരണഘടനാ ഭേദഗതിയിലൂടെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി. ക്രിസ്തുമത വിശ്വാസികളായ ദലിതരെ ഇനിയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ സർക്കാർ കാണിക്കുന്ന വിമുഖത നീതിബോധമുള്ളവർക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. ദലിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി സുപ്രീം കോടതിയിൽ നിലവിലുള്ള കേസ്സ് സർക്കാർ വരുത്തുന്ന കാലതാമസത്തിലൂടെ അനന്തമായി നീട്ടിക്കൊണ്ടുപോകുകയും കൃത്യതയില്ലാത്ത തീരുമാനങ്ങൾ അറിയിച്ച് കോടതിയെപ്പോലും കബളിപ്പിക്കുകയും ചെയ്യുകയാണ്. കഴിഞ്ഞ വർഷങ്ങളിലെല്ലാം പാർലമെന്റിനു മുന്നിൽ റിലേ ഉപവാസ സമരങ്ങൾ നടത്തിയും നിവേദനം കൊടുത്തും





ജസ്റ്റിസ് സൺഡേ ദിനമായി ആചരിക്കുന്ന ആഗസ്റ്റ് 21-ാം തീയതി വിശുദ്ധ കുർബാന മദ്ധ്യേ നല്കുന്ന സംഭാവന ഉദാരപൂർവമായിരിക്കാൻ ശ്രദ്ധിക്കുമല്ലോ. ഇപ്രകാരം സ്വരൂപിക്കുന്ന തുക നമ്മുടെ ദലിത് സഹോദരങ്ങളുടെ സമഗ്രമായ ഉന്നമനത്തിനുവേണ്ടി മാത്രമാണ് വിനിയോഗിക്കപ്പെടുന്നത്. അതിലൂടെ ഇപ്പോൾ പലതരത്തിലും പിന്നാക്കം നില്ക്കുന്ന ദലിത് ക്രൈസ്തവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കാൻ പരിശ്രമിക്കാം.

നീതിക്കുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം സർവവിധ നന്മകളും നല്കി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെല്ലാവരെയും ആശീർവദിക്കുന്നു.

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്,**

**ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമെൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

## അഭിനന്ദനങ്ങൾ !

തത്വശാസ്ത്രത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയ തിരുവല്ല അതിരൂപത നിരണം ഇടവകാംഗമായ **ബഹു. ജോസഫ് വാളാംമ്പറമ്പിൽ** അച്ചന് ഗിരിനാദം മാസികയുടെ ആശംസകൾ !

**Title of the thesis:-**

Human Journey From Anxiety to Transcendence: A Philosophical Research on the Concept of Anxiety in Soren Kierkegaard's Anthropology in Reference to Contemporary Studies.

***ഗിരിനാദം വായനക്കാർക്ക് പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ മംഗളങ്ങളും ഓണാശംസകളും !***

## ആഗോള കത്തോലിക്കാസഭ വാർത്തകൾ

### 1. വരാപ്പുഴ അതിരൂപത മുൻ ആർച്ചുബിഷപ്പ് കാലം ചെയ്തു.

വരാപ്പുഴ അതിരൂപതയുടെ മുൻ ആർച്ചുബിഷപ്പ് ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ ഓഗസ്റ്റ് 7 ന് ദിവംഗതനായി. നിത്യസഹായമാതാവിന്റെ നൊവേന ഗീതങ്ങളും കന്യകാമാതാസ്തുതികളും തിരുക്കർമ്മഗീതങ്ങളും ഉൾപ്പെടെ കേരളത്തിലെ ദേവാലയങ്ങളിലും ക്രൈസ്തവഭവനങ്ങളിലും ആലപിക്കപ്പെടുന്ന ധാരാളം വിഖ്യാത ഗാനങ്ങളുടെ രചയിതാവും കാനോൻനിയമ വിദഗ്ദ്ധനും വേദാന്തചിന്തകനുമായിരുന്നു ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ. 1971 മുതൽ 16 വർഷം വിജയപുരം രൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാനായി സേവനം അനുഷ്ഠിച്ചു. 1987 മുതൽ വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിതനായ ഡോ. കൊർണേലിയൂസ് 9 വർഷം കേരളത്തിലെ ലത്തീൻകത്തോലിക്കാ ഹയരാർക്കിയുടെ അദ്ധ്യക്ഷനായിരുന്നു.

### 2. ലോകയുവജനസമ്മേളനം സമാപിച്ചു

ലോകത്തെ വിസ്മയത്തിലാഴ്ത്തി സ്പാനിഷ് തലസ്ഥനമായ മാഡ്രിഡിൽ ലോകയുവജനസമ്മേളനം സമാപിച്ചു. പടിഞ്ഞാറൻ മാഡ്രിഡിലെ കുവാൻട്രോ വെന്റോസ് എയർബേസിൽ പ്രത്യേകം തയ്യാറാക്കിയ തുറന്ന വേദിയിൽ ബനഡിക്ട് പതിനാറമാൻ മാർപ്പാപ്പയുടെ സ്പാനിഷ് ഭാഷയിൽ അർപ്പിച്ച ദിവ്യബലിയോടെയാണ് യുവജനസമ്മേളനത്തിന് സമാപനമായത്. ദിവ്യബലിക്ക് ഇരുപത്തിയഞ്ചു ലക്ഷത്തിലേറെപേർ പങ്കെടുത്തു. 15000 വൈദികരും 1000 ബിഷപ്പുമാരും 100 കർദ്ദിനാളന്മാരും സഹകാർമ്മികത്വം വഹിച്ചു. യുവജനസമ്മേളനം ആഗസ്റ്റ് 16 മുതൽ 21 വരെയാണ് നടന്നത്. തിരുവല്ലാ അതിരൂപതയിൽനിന്ന് എം.സി.വൈ.എം. ഡയറക്ടർ റവ.ഫാ.വർഗീസ് അങ്ങാടിയിൽ, കെ.സി.വൈ.എം. മുൻസംസ്ഥാന വൈസ്പ്രസിഡന്റ് ജെജി മാത്യു എന്നിവർ പങ്കെടുത്തു.

### 3. ക്രൈസ്തവജീവിതത്തിന്റെ ഉത്തമസാക്ഷികളാകാൻ യുവജനങ്ങളോട് മാർപാപ്പ

ക്രൈസ്തവജീവിതത്തിന്റെ ഉത്തമസാക്ഷികളാകാൻ ലോകമെമ്പാടുമുള്ള യുവജനങ്ങളോടെ ബനഡിക്ട് പതിനാറമൻ മാർപ്പാപ്പ ആഹ്വാനം ചെയ്തു. ഉത്തമക്രൈസ്തവരായി ജീവിക്കുമ്പോൾ മറ്റുള്ളവരും ക്രൈസ്തവജീവിതത്തിലേക്ക് ആകൃഷ്ടരാകുമെന്നും ഇതുവഴി സഭ കൂടുതൽ ശക്തയാകുമെന്നും മാർപ്പാപ്പ ഉദ്ബോധിപ്പിച്ചു.





### 4. 2013 ലെ ലോകയുവജനസമ്മേളനം ബ്രസീലിൽ

2013 ലെ ലോകയുവജനസമ്മേളനം ബ്രസീലിന്റെ തലസ്ഥാനമായ റിയോ ഡി ജനേറോയിൽവച്ച് നടക്കുമെന്ന് ബനഡിക്ട് പതിനാറമൻ മാർപാപ്പ പ്രഖ്യാപിച്ചു.

### 5. സീറോമലബാർ സഭ പ്രേഷിത വർഷാചരണ ഉദ്ഘാടനം

സീറോ മലബാർസഭ പ്രേഷിത വർഷാചരണത്തിന്റെ സഭാതല ഉദ്ഘാടനം തോമാശ്ലീഹായുടെ പാദസ്പർശത്താൽ പുണ്യപുളകിതമായ കൊടുങ്ങല്ലൂരിന്റെ മണ്ണിൽ, ഇരിങ്ങാലക്കുട രൂപതയിലെ സെന്റ് മേരീസ് ദൈവാലയത്തിലെ സെന്റ് തോമസ് സ്ക്വയറിൽ സഭയുടെ ശ്രേഷ്ഠമെത്രാപ്പോലീത്ത മാർ ജോർജ് ആലഞ്ചേരിൽ ഉദ്ഘാടനം ചെയ്തു. സുവിശേഷസന്ദേശം ലോകമെങ്ങും എത്തിക്കാനാണ് പ്രേഷിതവർഷം ആചരിക്കുന്നത്. സന്യസ്തർ മാത്രമല്ല അത്മായരടക്കമുള്ള എല്ലാവരും പ്രേഷിതദൗത്യം കൂട്ടായ്മയോടെ ഏറ്റെടുക്കണമെന്നും ശ്രേഷ്ഠ മെത്രാപ്പോലീത്ത ഉദ്ബോധിപ്പിച്ചു.

## മലങ്കര കത്തോലിക്കാസഭ വാർത്തകൾ

### 1. അതിരൂപതാ/രൂപതാതല അസംബ്ലി പൂർത്തിയായി

മലങ്കര കത്തോലിക്കാസഭ അസംബ്ലിയുടെ മുന്നോടിയായി അതിരൂപതാ/രൂപതാതല അസംബ്ലികൾ അതാത് രൂപതകളിൽ നടത്തപ്പെട്ടു.

### 2. പുനരൈക്യദിനം

മലങ്കര കത്തോലിക്കാസഭ 82-ാം പുനരൈക്യദിനത്തോടനുബന്ധിച്ച് സെപ്റ്റംബർ 21 ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽവച്ച് നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാനയും തുടർന്ന് പൊതുസമ്മേളനവും ഉണ്ടായിരിക്കും.

### 3. കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശ

മലങ്കര കത്തോലിക്കാസഭ കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശ സെപ്റ്റംബർ 21 ന് പുനരൈക്യദിന ആഘോഷങ്ങൾക്കുശേഷം അഭിവന്ദ്യ ബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കുന്നതാണ്.

### 4. മലങ്കര കത്തോലിക്കാസഭ അസംബ്ലി

മലങ്കര കത്തോലിക്കാസഭയുടെ പ്രഥമ അസംബ്ലി സെപ്റ്റം. 21 മുതൽ 23 വരെ തിരുവനന്തപുരത്തുവച്ച് നടക്കുന്നതാണ്. നമ്മുടെ സഭയിലെ അഭിവന്ദ്യ പിതാക്കന്മാർ, ബഹു. വൈദികർ, ബഹു. സിസ്റ്റേഴ്സ്, വിവിധ അല്മായ സംഘടനാ പ്രതിനിധികൾ അസംബ്ലിയിൽ പങ്കെടുക്കുന്നതാണ്. ഏകദേശം 170 ഓളം പേർ ഈ അസംബ്ലിയിൽ പങ്കെടുക്കുന്നതാണ്.

### 5. പരിശുദ്ധ സുന്നഹദോസ്

മലങ്കര കത്തോലിക്കാസഭയുടെ 12-മത് പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് സെപ്റ്റംബർ 24 മുതൽ 26 വരെ തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽവച്ച് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ നടക്കുന്നതാണ്.

## അതിരൂപതാ വാർത്തകൾ

### 1. മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ ശിലാസ്ഥാപനം

ബനഡിക്ട് മാർ ഗ്രിഗോറിയോസ് സ്മാരകമായി കോട്ടൂർ മാർ ഗ്രിഗോറിയോസ് നഗറിൽ നിർമ്മിക്കുന്ന റിന്യൂവൽ സെന്ററിന്റെ ശിലാസ്ഥാപനം ജൂലൈ 27 ന് അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ പെരിയ ബഹു. ചെറിയാൻ രാമനാലിൽ കോർഎപ്പിസ്കോപ്പാ, വികാരി ജനറാൾ മോൺ. ആന്റണി കാക്കനാട്ട്, റവ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ എന്നിവർ പ്രസംഗിച്ചു.

### 2. വൈദിക സമ്മേളനവും ജൂബിലി ആഘോഷവും

പൗരോഹിത്യ ജീവിതമുറയുടെ അനുകരണീയമായ അദ്ധ്യായങ്ങൾ ജീവിതംകൊണ്ടു നല്കിയ വി. ജോൺ മരിയ വിയാനിയുടെ തിരുന്നാളിനോടനുബന്ധിച്ച് ഈ വർഷവും ആഗസ്റ്റ് 4, 5 തീയതികളിൽ വൈദിക സമ്മേളനം ശാന്തിനിലയത്തിൽവച്ചു കൂടുകയുണ്ടായി. തദവസരത്തിൽ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ബഹു. വടക്കേക്കര ജോസഫ് അച്ചനെയും രജതജൂബിലി ആഘോഷിക്കുന്ന ബഹു. ഡോ. കിഴക്കേപറമ്പിൽ ഐസക്കച്ചനെയും അനുമോദിച്ചു.





## സെമിനാരി

### 1. കൂദാശ ചെയ്തു

ജൂലൈ 29-ാം തീയതി വൈകുന്നേരം അഭിവന്ദ്യ കൂറിലോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ബിഷപ്സ് ഹൗസും സെമിനാരി കെട്ടിടങ്ങളും കൂദാശ ചെയ്തു.

### 2. സെമിനാർ

ജൂലൈ മാസം 2-ാം തീയതി 'സുവിശേഷകയായ മലങ്കര കത്തോലിക്കാ സഭ' എന്ന വിഷയത്തെ സംബന്ധിച്ച് മോൺ. ആന്റണി കാക്കനാട്ട് ക്ലാസ്സ് എടുത്തു. സഭാതല അസംബ്ലിയെ സംബന്ധിച്ചും രൂപതാ അസംബ്ലിയെ സംബന്ധിച്ചും ഒരു വ്യക്തത സെമിനാരിക്കാർക്കു നല്കി.

### 3. ദുക്റാന തിരുനാളും ബഹു. റെക്ടറച്ചന്റെ നാമഹേതുകതിരുനാളും

ജൂലൈ 3-ാം തീയതി തോമ്മാശ്ലീഹായുടെ ദുക്റാനയുടെ ദിവസം രാവിലെ വെരി റവ.ഫാ.റെക്ടർ തോമസ് പാറയ്ക്കൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. അന്നേദിവസം വൈകിട്ട് 4 മണിക്ക് ബഹു. വൈദികരും മൈനർ സെമിനാരിക്കാരും തമ്മിലുള്ള ബാസ്ക്കറ്റ്ബോൾ മത്സരം നടന്നു. മത്സരത്തിൽ ബഹു. വൈദികർ വിജയിച്ചു, അഭിനന്ദനങ്ങൾ. തുടർന്ന് വി. തോമ്മാശ്ലീഹായുടെ നാമധേയത്തിലുള്ള സെമിനാരിയിലെ അക്കാദമി ഉത്ഘാടനം ചെയ്യപ്പെട്ടു. ഉദ്ഘാടന സമ്മേളനത്തിൽ സെമിനാരി റെക്ടർ സ്വാഗതവും, മോൺ. ആന്റണി കാക്കനാട്ട് അദ്ധ്യക്ഷപ്രസംഗവും ഉദ്ഘാടനവും നിർവ്വഹിച്ചു. സെമിനാരിയിലെ ആദ്ധ്യാത്മിക പിതാവ് വെരി റവ. ഫാ. ആന്റണി ചെത്തിപ്പുഴയും സെമിനാരിയിലെ ഇംഗ്ലീഷ് പ്രൊഫസർ റവ. ഫാ. സ്കറിയാ വട്ടമറ്റവും, അദ്ധ്യാപകൻ ശ്രീ. സി.സി. ആന്റണിയും ആശംസകളും അർപ്പിച്ചു. ബ്ര. ജോൺ മുണ്ടശ്ശേരിൽ എല്ലാവർക്കും കൃതജ്ഞതയർപ്പിച്ചു. സെമിനാരിക്കാരുടെ കലാസന്ധ്യയോടുകൂടി പരിപാടികൾ അവസാനിച്ചു.

### 4. അഭിവന്ദ്യപിതാവിന്റെ നാമഹേതുക തിരുനാൾ

അഭിവന്ദ്യ കൂറിലോസ് പിതാവിന്റെ നാമഹേതുക തിരുന്നാൾ ജൂലൈ മാസം 4-ാം തീയതി സെമിനാരിക്കാർ ആഘോഷിച്ചു. അന്നേ

ദിവസം അഭിവന്ദ്യ പിതാവിനെ സന്ദർശിച്ച് സെമിനാരിക്കാരെല്ലാവരും തിരുന്നാളിന്റെ ആശംസകളും പ്രാർത്ഥനകളും നേർന്നു.

**5. താത്ക്കാലിക അവധി**

മൈനർ സെമിനാരിയിലെ ആദ്യവർഷത്തിലെ സെമിനാരിക്കാർ ജൂലൈ മാസം 4 മുതൽ 9 വരെ തങ്ങളുടെ ഭവനങ്ങളിലേക്ക് പോയി മാതാപിതാക്കളെ സന്ദർശിച്ചു. തങ്ങളുടെ സെമിനാരി ജീവിതത്തിലെ അനുഭവങ്ങൾ പങ്കുവച്ച് തിരികെ എത്തി.

**6. മൗനജാഥ**

തിരുവല്ലാ അതിരൂപതയുടെ ആഭിമുഖ്യത്തിൽ ജൂലൈ 9-ാം തീയതി ന്യൂനപക്ഷാവകാശ ധ്വംസനത്തിനും പുഷ്പഗിരി അക്രമത്തിനുമെതിരെ നടത്തിയ മൗനജാഥയിൽ സെമിനാരിക്കാരെല്ലാവരും പങ്കെടുത്തു.

**7. മാർ ഈവാനിയോസ് പദയാത്ര**

തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽനിന്ന് ജൂലൈ 10-ാം തീയതി ഉച്ചയ്ക്കുശേഷം ആരംഭിച്ച മാർ ഈവാനിയോസ് പദയാത്രയിൽ സെമിനാരിക്കാർ പങ്കെടുത്തു.

**8. മാർ ഈവാനിയോസ് ദിനം**

ജൂലൈ 15-ാം തീയതി മാർ ഈവാനിയോസ് ദിനത്തിൽ സെമിനാരിക്കാരെല്ലാവരും മോറാൻ മാർ ബസ്സേലിയോസ് ക്ലീമ്മീസ് കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച സമൂഹബലിയിലും ഭാഗ്യസ്മരണാർഹനായ ഈവാനിയോസ് പിതാവിന്റെ കബറിടവും സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കുകയും ചെയ്തു.

**9. മത്സരജേതാക്കൾ**

തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 15,16 തീയതികളിൽ നടത്തിയ പ്രസംഗമത്സരത്തിലും ക്വിസ് മത്സരത്തിലും തിരുവല്ലാ മൈനർ സെമിനാരി വിദ്യാർത്ഥികൾ ജേതാക്കളായി. തിരുവല്ലായിൽനിന്നും അഞ്ചു ബ്രദേഴ്സ് പങ്കെടുത്തു. ക്വിസ് മത്സരത്തിൽ ബ്ര. സ്കറിയാ വട്ടക്കാട്ടുകാലായിൽ, ബ്ര. റോബിൻ മുതിരക്കാലായിൽ, ബ്ര. ഏബ്രഹാം താന്നിമൂട്ടിൽ എന്നിവർ ഒന്നാം സ്ഥാനം നേടി. പ്രസംഗമത്സരത്തിൽ ബ്ര. ചെറിയാൻ കുരിശുംമൂട്ടിൽ രണ്ടാംസ്ഥാനത്തിന് അർഹനായി.





**10. കർമ്മലമാതാവിന്റെ തിരുന്നാൾ**

ജൂലൈ 16-ാം തീയതി കർമ്മലമാതാവിന്റെ തിരുന്നാൾ ദിവസം തിരുവല്ലായിലെ മിണ്ടാമഠത്തിലെ സിസ്റ്റേഴ്സിന് സെമിനാരിക്കാർ തിരുന്നാളിന്റെ ആശംസകളും പ്രാർത്ഥനകളും നേർന്നു.

**11. പിറന്നാൾ ആഘോഷങ്ങൾ**

- മോൺ. ആന്റണി കാക്കനാട്ട് അച്ചന്റെ 51-ാം ജന്മദിനം ജൂലൈ മാസം 18-ാം തീയതി ആഘോഷിച്ചു. അന്നേദിവസം സെമിനാരിക്കാരെല്ലാവരും ബഹു. അച്ചനെ സന്ദർശിച്ച് ജന്മദിനത്തിന്റെ ആശംസകൾ അർപ്പിച്ചു.
- തിരുവല്ലാ അതിരൂപതയുടെ പ്രൊക്കുറേറ്റർ ബഹു. ജോസ് കല്ലുമാലിക്കലച്ചന്റെ 46-ാം ജന്മദിനം ആഗസ്റ്റ് 22-ാം തീയതി സെമിനാരി വിദ്യാർത്ഥികൾ കൊണ്ടാടുകയും ബഹു. അച്ചന് പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.
- സെമിനാരിയിലെ പ്രൊഫസറായ ബഹു. മോഹൻദാസ് സാറിന്റെ ജന്മദിനം ആഗസ്റ്റ് 17 ന് സെമിനാരി വിദ്യാർത്ഥികൾ കൊണ്ടാടി. അന്നേ ദിവസം കൂടിയ ആശംസാ മീറ്റിംഗിൽ ബഹു. സാറിന് എല്ലാവിധ പ്രാർത്ഥനാശംസകളും സെമിനാരിക്കാർ നേർന്നു.

**12. മാസധ്യാനം**

- മൈനർ സെമിനാരിക്കാരുടെ ജൂലൈമാസത്തിലെ ധ്യാനം 22, 23 തീയതികളിൽ നടത്തപ്പെട്ടു. കൊല്ലം രൂപതയിലെ പരുമല ലത്തീൻപള്ളി വികാരി റവ. ഫാ. സാംസനാണ് ധ്യാനം നയിച്ചത്.
- ആഗസ്റ്റ് മാസത്തിലെ ധ്യാനം 19, 20 തീയതികളിൽ പെരിയ. ബഹു. ആന്റണി ചെത്തിപ്പുഴയച്ചനും ബഹു. ജോസഫ് തൊട്ടിയിലച്ചനുമാണ് നയിച്ചത്.
- ബഹു. റീജൻസിക്കാരുടെ മാസധ്യാനം ജൂലൈ 29, 30 തീയതികളിൽ നടത്തപ്പെട്ടു. റവ. ഫാ. ജോസഫ് കല്ലിടയിൽ ഒ.സി.ഡി., റവ.ഫാ. മാത്യു ഒ.സി.ഡി. എന്നിവരാണ് ധ്യാനം നയിച്ചത്.

**13. ബഥനി തിരുനാളാഘോഷം**

- ബഥാനിയായിലെ മാർത്തായുടെയും മറിയത്തിന്റെയും തിരു

നാളിനോടനുബന്ധിച്ച് ജൂലൈ 28-ാം തീയതി തിരുവല്ലാ ആശ്രമ-ദയറായുടെ ആഭിമുഖ്യത്തിൽ നടത്തിയ ബാസ്ക്കറ്റ് ബോൾ മത്സരത്തിൽ സെമിനാരിക്കാർ സംബന്ധിച്ചു. മത്സരത്തിൽ ബഥനി സമൂഹത്തിലെ ഡീക്കന്മാർ ജേതാക്കളായി. അഭിനന്ദനങ്ങൾ.

- ബഥനി തിരുനാളിനോടനുബന്ധിച്ച് സെമിനാരി വിദ്യാർത്ഥികളെല്ലാം ക്ഷണം സ്വീകരിച്ച് തിരുമൂലപുരം പ്രൊവിൻഷ്യൽ ഹൗസിൽ പോവുകയും ബഹു. സിസ്റ്റേഴ്സിന് പ്രാർത്ഥനാശംസകൾ നേരുകയും സന്തോഷം പങ്കുവയ്ക്കുകയും ചെയ്തു.
- തിരുവല്ലാ മേരിഗിരി അരമനയിൽ സേവനം അനുഷ്ഠിക്കുന്ന ബഥനി സന്യാസിനി സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിന് സെമിനാരി വിദ്യാർത്ഥികൾ തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

### 14. ക്ലീൻ മേരിഗിരി ഗ്രീൻ മേരിഗിരി

ക്ലീൻ മേരിഗിരി ഗ്രീൻ മേരിഗിരി എന്ന പദ്ധതി ആഗസ്റ്റ് മാസം 2-ാം തീയതി ബഹു. റെക്ടർ അച്ചൻ ഉദ്ഘാടനം ചെയ്തു. അതിന്റെ ഭാഗമായി സെമിനാരിക്കാർ സെമിനാരിയുടെ പരിസരങ്ങൾ വൃത്തിയാക്കുകയും ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുകയും ചെയ്തു.

### 15. വിയാനി ദിനം

ആഗസ്റ്റ് മാസം 4-ാം തീയതി വിയാനി ദിനത്തോടനുബന്ധിച്ച് സെമിനാരിക്കാരെല്ലാവരും അരമനയിലെ അച്ചന്മാരെ സന്ദർശിച്ച് ആശംസകളും പ്രാർത്ഥനകളും നേർന്നു.

### 16. മെത്രാഭിഷേകവാർഷികം

അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ മെത്രാഭിഷേക വാർഷികം ആഗസ്റ്റ് മാസം 6-ാം തീയതി കൊണ്ടാടി. അന്നേദിവസം ഉച്ചയ്ക്കുശേഷം സെമിനാരിക്കാർ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ച് പ്രാർത്ഥനാശംസകൾ നേർന്നു.

### 17. ആഗസ്റ്റ് 15

പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും





ഇന്ത്യയുടെ 65-ാം സ്വാതന്ത്ര്യദിനവും ആഗസ്റ്റ് 15-ാം തീയതി ആഘോഷപൂർവ്വം കൊണ്ടാടി. ബഹു. ഐസക്ക് കിഴക്കേപറമ്പിലച്ചന്റെ കാർമ്മികത്വത്തിൽ ആഘോഷമായി വി. കുർബാന അർപ്പിക്കപ്പെട്ടു. അതിനുശേഷം രാഷ്ട്രത്തോടുള്ള ആദരസൂചകമായി പതാക ഉയർത്തി, പ്രതിജ്ഞ ചൊല്ലി, ദേശീയഗാനം ആലപിച്ചു. അന്നേദിവസം വൈകുന്നേരം സെമിനാരിക്കാർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

### 18. അനുമോദന മീറ്റിംഗ്

നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായ്ക്ക് രജതജൂബിലിയുടെയും മെത്രാഭിഷേകവാർഷികത്തിന്റെയും പ്രാർത്ഥനാശംസകൾ സെമിനാരി വിദ്യാർത്ഥികൾ നേർന്നു. ആഗസ്റ്റ് മാസം 18-ാം തീയതി അഭിവന്ദ്യ ബാവാതിരുമേനി സെമിനാരി ചാപ്പലിൽ വി. കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന അനുമോദന മീറ്റിംഗിൽ ബ്രദർ ജോസഫ് വില്ലോത്ത് അഭിവന്ദ്യ ബാവാതിരുമേനിക്ക് ആശംസകൾ നേരുകയും ചെയ്തു.

### 19. ഓണപരീക്ഷ, അവധി

സെമിനാരി വിദ്യാർത്ഥികളുടെ ഓണപരീക്ഷ ആഗസ്റ്റ് 25 മുതൽ 30 വരെ നടക്കുന്നതാണ്. ഓണാവധി ഓഗസ്റ്റ് 31 ന് ആരംഭിച്ച് സെപ്റ്റംബർ 10 ന് അവസാനിക്കുന്നതാണ്.

## മലങ്കര കാതലിക് ചിൽഡ്രൻസ് ലീഗ്

എംസിസി എൽ - ന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് 2011 ഓഗസ്റ്റ് 13 -ാം തീയതി ആരംഭം കുറിച്ചു. അന്നേദിവസം ശാന്തിനിലയത്തിൽ വച്ച് നടന്ന ഏകദിന പരിപാടികൾ 10 മണിക്ക് പ്രാർത്ഥനാ ധ്യാനത്തോടെ ആരംഭിക്കുകയും ഏകദേശം 5 മണിയോടെ അവസാനിക്കുകയും ചെയ്തു. 150 തോളം പ്രതിനിധികൾ ഈ പരിപാടികളിൽ സംബന്ധിച്ചു.

**1. MCCL QUIZ COMPETITION**

2011 ഓഗസ്റ്റ് 13 രാവിലെ 10.30 ന് ശാന്തിനിലയത്തിൽ വച്ച് അതിരൂപതയിലെ 9 മേഖലകളെ ഒന്നിപ്പിച്ചുകൊണ്ട് ക്വിസ് മത്സരം നടത്തപ്പെട്ടു. 17 ടീമുകൾ പങ്കെടുത്തു. ക്വിസ്മത്സരം തിരുവനന്തപുരം മേജർ അതിരൂപതയിലെ ബഹു. ഷീൻ തങ്കാലയച്ചൻ നയിച്ചു. വിജയികൾക്ക് ആശംസകൾ! പങ്കെടുത്തവർക്ക് നന്ദി !

**വിജയികൾ**

1-ാം സമ്മാനം : ഹോളിഫാമിലി ഇടവക, ആനിക്കാട് (മല്ലപ്പള്ളി)
2-ാം സമ്മാനം : സെന്റ് മേരീസ് ഇടവക, തോട്ടഭാഗം (തിരുവല്ല)
3-ാം സമ്മാനം : സ്രേക്രഡ് ഹാർട്ട് ഇടവക, കടമാൻകുളം (മല്ലപ്പള്ളി)

സമ്മാനം സ്പോൺസർ ചെയ്ത എല്ലാവരോടും നന്ദി !

**2. അതിരൂപതാ തെരഞ്ഞെടുപ്പ്**

2011 ഓഗസ്റ്റ് 13-ാം തീയതി ശാന്തിനിലയത്തിൽ വച്ച് അതിരൂപതാ MCCL തെരഞ്ഞെടുപ്പ് നടന്നു. 9 മേഖലകളിൽ നിന്നുള്ള ഭാരവാഹികളിൽ നിന്നായിരുന്നു തെരഞ്ഞെടുപ്പ്.

| | | |
|---|---|---|
| പ്രസിഡന്റ് | : | റെജിൽ റെജി, (മാരാമൺ) |
| വൈസ് പ്രസിഡന്റ് | : | റിറ്റി സൂസൻ റെജി, (തോട്ടഭാഗം) |
| സെക്രട്ടറി | : | ജിനിക്സ് ഷാജി, (കല്ലിശ്ശേരി) |
| ജോയിന്റ് സെക്രട്ടറി | : | നിധിൻ എസ് ബഹനാൻ, (വെണ്ണിക്കുളം) |
| ട്രഷറാർ | : | അമൽ ടോണി, (കടമാൻകുളം) |
| എക്സിക്യൂട്ടീവ് മെമ്പേഴ്സ് | : | റിനോ എം മാത്യു, (പായിപ്പാട്) |
| | : | ഷിജിൻ വർഗീസ്, (പുളിക്കീഴ്) |

ഭാരവാഹികൾക്ക് അനുമോദനങ്ങൾ !

**3. അനുമോദന സമ്മേളനം**

2011 ഓഗസ്റ്റ് 13- ന് ക്വിസ് മത്സരവിജയികൾക്കും പുതിയ ഭാരവാഹികൾക്കും അനുമോദനം അർപ്പിക്കുവാൻ തിരുവല്ലാ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പും സംഘടനയുടെ രക്ഷാധികാരിയുമായ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ സമ്മേളനം നടന്നു. കുട്ടികൾ വി.വേദപുസ്തകത്തെ സ്നേഹിക്കണമെന്നും ക്രിസ്തീയ ധാർമ്മികതയിൽ ഊന്നി വളരണമെന്നും അഭിവന്ദ്യ പിതാവ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു. എ.ഇ.ഒ നിയമനം ലഭിച്ച അതിരൂപതാ ആനിമേറ്റർ ശ്രീമതി റോസ്മേരിയെ അനുമോദിച്ചു. പുതിയ ഭാരവാഹികൾ രക്ഷാധികാരിക്ക് മുമ്പിൽ പ്രതിജ്ഞ ചൊല്ലി തങ്ങളുടെ ശുശ്രൂഷ ഏറ്റെടുത്തു. മുൻ ഭാരവാഹികളെ പ്രതിനിധീകരിച്ച് മാസ്റ്റർ ഇഡിക്സ് ഷാജി നന്ദി പറഞ്ഞു. മിസ് സജിനാ സജി റിപ്പോർട്ട് അവതരിപ്പിച്ചു. പരിപാടികൾക്ക് അതിരൂപതാ ആനിമേറ്റർ ശ്രീ. ജേക്കബ് മാത്യു പുനക്കുളത്ത് നന്ദി പ്രകാശിപ്പിച്ചു.

പരിപാടികൾക്ക് നേതൃത്വം നല്കിയ വന്ദ്യ വൈദീകരോടും, ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനോടും, കോർഡിനേറ്റർ സി. അഞ്ജലി എസ്.ഐ.സി യോടും എല്ലാ ആനിമേറ്റേഴ്സിനോടും, ഭാരവാഹികളോടും കർതൃനാമത്തിൽ നന്ദി. !





# സൺഡേസ്കൂൾ

**1. മേഖലാ മതാദ്ധ്യാപക സെമിനാർ**

തിരുവല്ലാ അതിരൂപതയിലെ സൺഡേസ്കൂൾ മതാദ്ധ്യാപകരുടെ ശാക്തീകരണ സെമിനാർ 2011 ജൂലൈ 17-ാം തീയതിമുതൽ ആരംഭിച്ചു. അദ്ധ്യാപകരുടെ ശാക്തീകരണ സെമിനാർ ക്ലാസ്സുകൾ നയിക്കുന്നത് മോൺ. ആന്റണി കാക്കനാട്ടച്ചനും ബഹു. കുറിയാക്കോസ് തടത്തിലച്ചനുമാണ്.

**2. എക്സിക്യൂട്ടീവ് മീറ്റിംഗ്**

2011 - 2012 അദ്ധ്യയന വർഷത്തിലെ ബൈബിൾ കലോത്സവത്തെക്കുറിച്ച് തീരുമാനമെടുക്കുന്നതിന് 2011 ജൂലൈ 23-ാം തീയതി ശാന്തിനിലയത്തിൽവച്ച് സൺഡേസ്കൂൾ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു.

**3. പ്രൊമോട്ടേഴ്സ് മീറ്റിംഗ്**

ഓരോ ഇടവകയിലെ സൺഡേസ്കൂൾ സന്ദർശിക്കുന്നതിനായി പ്രൊമോട്ടേഴ്സിന്റെ മീറ്റിംഗ് ശാന്തിനിലയത്തിൽവച്ച് നടത്തപ്പെട്ടു. പുതുതായി ക്രോഡീകരിച്ച സന്ദർശന റിപ്പോർട്ടിനെക്കുറിച്ച് റവ.ഡോ. കുര്യാക്കോസ് തടത്തിലും ശ്രീ. മത്തായി പെനിയാത്തോട്ടത്തിലും വേണ്ട നിർദ്ദേശങ്ങൾ നല്കി.

**4. ബൈബിൾ കലോത്സവം**

**2011 ഒക്ടോബർ 26-ാം തീയതി ബുധൻ രാവിലെ 9 മണി മുതൽ ഉച്ചക്കഴിഞ്ഞ് 4 മണിവരെ** നമ്മുടെ അതിരൂപതയുടെ ബൈബിൾ കലോൽസവം നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. 9 മേഖലകളിൽ നിന്നുള്ള കലാപ്രതിഭകൾ ഒന്നിച്ചണിനിരക്കുന്ന ബൈബിൾ കലോൽസവത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു.

**തീയതി**

| | |
|---|---|
| ഇടവകതലം | - 2011 സെപ്റ്റംബർ 18 നു മുമ്പ് |
| മേഖലാതല രചനാ മത്സരം | - 2011 ഓഗസ്റ്റ് 30 ചൊവ്വ 2 പി.എം |
| മേഖലാ കലോത്സവം | - 2011 ഒക്ടോബർ 8 ശനി |
| അതിരൂപതാ കലോത്സവം | - 2011 ഒക്ടോബർ 26 ബുധൻ |

## എം. സി. വൈ. എം.

**1. പ്രകാശിനി - 2011 വനിതാക്യാമ്പ് സമാപിച്ചു.**

എം.സി.വൈ.എം തിരുവല്ലാ അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ 2011 ആഗസ്റ്റ് 13,14,15 തീയതികളിൽ നിരണം സ്റ്റെല്ലാ മേരീസ് സ്കൂളിൽ വച്ച് പ്രകാശിനി 2011-വനിതാക്യാമ്പ് നടത്തപ്പെട്ടു. എം.സി.വൈ.എം വനിതാപ്രസിഡന്റ് കുമാരി ഷൈനി ഏലി തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനം കടപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി തങ്കമണി നാണപ്പൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ കോർഡിനേറ്റർ സിസ്റ്റർ നിർമ്മൽ എസ്.ഐ.സി ആമുഖപ്രഭാഷണവും നിരണം ഇടവക വികാരി റവ.ഫാദർ ജെയിംസ് കുമ്പന്താനം, അതിരൂപതാ പ്രസിഡന്റ് പ്രശാന്ത് പി.കുര്യൻ എന്നിവർ ഉദ്ഘാടന സമ്മേളനത്തിനും വനിതാക്യാമ്പിനും ആശംസകൾ നേർന്നു. അതിരൂപതാ സെക്രട്ടറി നിഷ.റ്റി.വർഗീസ് സ്വാഗതവും, ദേശീയ സമിതി സിൻഡികേറ്റ് മെമ്പർ കുമാരി രാജി.പി.രാജൻ കൃതജ്ഞയയും അർപ്പിച്ചു.

**2. ഹമാരാ ഭാരത് - സ്വാതന്ത്ര്യദിനാഘോഷം**

ഭാരതത്തിന്റെ 65-ാം സ്വാതന്ത്ര്യദിനാഘോഷം **'ഹമാര ഭാരത്'** തിരുവല്ലാ അതിരൂപതാ യുവജനപ്രസ്ഥാനം, എം.സി.വൈ.എം ന്റെ നേതൃത്വത്തിൽ നിരണം സ്റ്റെല്ലാ മേരീസ് സ്കൂളിൽ വച്ച് ആഗസ്റ്റ് 15-ാം തീയതി സമുചിതമായി ആഘോഷിച്ചു. രാവിലെ 9 മണിക്ക് നിരണം ഇടവക വികാരി റവ.ഫാദർ ജെയിംസ് കുമ്പന്താനം സ്വാതന്ത്ര്യദിന പതാക ഉയർത്തി സ്വാതന്ത്ര്യദിന സന്ദേശം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിന് അതിരൂപതാ പ്രസിഡന്റ് പ്രശാന്ത് പി.കുര്യൻ അദ്ധ്യക്ഷത വഹിച്ചു. പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഈപ്പൻ കുര്യൻ ഉദ്ഘാടനം നിർവ്വഹിച്ച സമ്മേളനത്തിൽ നിരണം മേഖലാ സെക്രട്ടറി സിജോ വർഗീസ് ആശംസകൾ നേർന്നു. അതിരൂപതാ സെക്രട്ടറി പ്രമോദ് പി.മാർക്കോസ് സ്വാഗതവും, ട്രഷറർ ജിജോ മങ്ങാട്ടേത്ത് നന്ദിയും അർപ്പിച്ചു. ജനറൽ സെക്രട്ടറി രഞ്ജിത്ത് ജോൺ, നിഷ. റ്റി. വർഗീസ്, ഷൈനി ഏലി തോമസ്, അജി കുതിരവട്ടം, രാജി.പി.രാജൻ, സിസ്റ്റർ നിർമ്മല എസ്.ഐ.സി എന്നിവർ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾക്ക് നേതൃത്വം നല്കി.





**3. ഇടുക്കി മേഖല പ്രഥമ യുവജന സംഗമം- 'എക്കാലിയ - 2011'**

ഇടുക്കി മേഖല സ്ഥാപിതമായ ശേഷം പ്രഥമ യുവജന സംഗമം, **'എക്കാലിയ - 2011 '** ചേറ്റുകുഴി മരിയൻ സെന്ററിൽ വെച്ച് ഓഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. രാവിലെ 8.30 ന് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്കും, അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്തായ്ക്കും യുവജനങ്ങൾ സ്വീകരണം നല്കി. തുടർന്ന് അഭിവന്ദ്യ പിതാക്കന്മാർ യുവജനങ്ങൾക്കുവേണ്ടി വി.ബലി അർപ്പിച്ചു. 11 മണിക്ക് **ഇടുക്കി രൂപത** സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ **'സുവിശേഷകയായ സഭ'** എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. തുടർന്ന് കട്ടപ്പന, കുമളി മേഖലകൾ ഗ്രൂപ്പായി തിരിഞ്ഞ് യുവജനങ്ങളുടെ സഭയിലെ പങ്കാളിത്തത്തെപ്പറ്റി ചർച്ച നടത്തി. ഗ്രൂപ്പ് ചർച്ചകൾക്ക് കട്ടപ്പന മേഖല വികാരി വെരി റവ.ഫാ.എബ്രഹാം ചാക്കോ നരിമറ്റത്തിൽ, കുമളി മേഖലാ വികാരി വെരി റവ.ഫാ.ഏബ്രഹാം തൈപറമ്പിൽ നേതൃത്വം നല്കി. **'സുവിശേഷകയായ സഭ'** എന്ന വിഷയം അഭി. സ്തേഫാനോസ് പിതാവ് അവതരിപ്പിച്ചു. അഭി. കൂറിലോസ് പിതാവ് സമാപന സന്ദേശം നല്കി. ഇടുക്കി മേഖലയിലെ 30 ഇടവകകളിലെ 400- റോളം യുവജനങ്ങൾ സംഗമത്തിൽ പങ്കെടുത്തു. പരിപാടികൾക്ക് ഇടുക്കി മേഖല യൂത്ത് ഡയറക്ടേഴ്സ് ഫാ. മാത്യു ചിറയിൽ, ഫാ. ജോൺസൺ ചിറയിൽ, സിസ്റ്റർ ടോംസി എസ്.ഐ.സി, ജിജു മങ്ങാട്ടേത്ത്, സിറിൽ രാജൻ, സനൽ പാറയ്ക്കൽ, ചേറ്റുക്കുഴി ഇടവകാംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നല്കി.

## എം. സി. എ.

**1. എം.സി.എ. വിദ്യാഭ്യാസ അവാർഡുകൾ സമ്മാനിച്ചു.**

മലങ്കര കാത്തലിക് അസോസിയേഷൻ തിരുവല്ല അതിരൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ "മാർ തെയോഫിലോസ് സ്മാരക എം.സി.എ വിദ്യാഭ്യാസ അവാർഡുകൾ 14-8-2011 ൽ തിരുവല്ല ശാന്തിനിലയത്തിൽ നടന്നചടങ്ങിൽ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ സമ്മാനിച്ചു. ഈ വർഷത്തെ വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയ അതിരൂപതാംഗങ്ങളായ 13 പേർക്ക് അവാർഡുകൾ നല്കി.

എം.സി.എ അതിരൂപതാ പ്രസിഡന്റ് ഷാജി തേലപ്പുറത്ത് അദ്ധ്യക്ഷതവഹിച്ചു. ഫാ. സ്കറിയ വട്ടമറ്റം മുഖ്യപ്രഭാഷണം നടത്തി. എം.സി.എ കേന്ദ്രസമിതി പ്രസിഡന്റ് അഡ്വ. തോമസ് എം മാത്തുണ്ണി കെ.സി.ഫ് സംസ്ഥാന പ്രസിഡന്റ് പ്രൊഫ. ജേക്കബ് എം. ഏബ്രഹാം അതിരൂപതാ സെക്രട്ടറി ഷാജി പൂച്ചേരിൽ, കേന്ദ്രസമിതി വൈസ് പ്രസിഡന്റ് ബാബു കല്ലിങ്കൽ, അതിരൂപതാ വൈദികോപദേഷ്ടാവ് ഫാ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി, ഫാ. സിബു ഇരുമ്പിനിക്കൽ, അതിരൂപതാ വൈസ്പ്രസിഡുമാരായ ജെസ്സി ദാനിയേൽ, എം.ജെ.മാത്യു, അതിരൂപത ട്രഷറർ എ.ഡി. ജോൺ എന്നിവർ പ്രസംഗിച്ചു.

**2. എം.സി.എ വിദ്യാഭ്യാസ അവാർഡ് ജേതാക്കൾ**

1. ഗിഫ്റ്റി എൽസാ പൗലോസ് (ചെങ്ങരൂർ) (Class X)
2. ഷാനി തെരേസാ തോമസ് (ചെങ്ങരൂർ) (Class X)
3. അരുൺ ഐസക് വർഗീസ് (ആനിക്കാട്) (Class X)
4. സിറിൾ സെബാസ്റ്റ്യൻ (മാന്നാർ ഈസ്റ്റ് ) (Class X)
5. നിമ്മി തെരേസാ ജെയിംസ് (തോട്ടഭാഗം) (Class X)
6. റിത്തു മറിയ തോമസ് (മുണ്ടക്കയം) (Class X)
7. ക്രിസ് ചെറിയാൻ ജോജി (മല്ലപ്പള്ളി) (Class X)
8. റെഞ്ചു കോശി (ചെറുകുളഞ്ഞി) (Plus two)
9. അമിത ഗീതു സോമൻ (കുമ്പളന്താനം) (Plus two)
10. റവ.ഫാ. സിബു ഇരുമ്പിനിക്കൽ (MA,First Rank)
11. റീത്ത അന്ന സജി (കുമ്പനാട്) (CA, First Class)
12. ജിനു എജി പാറപ്പാട് (വാകത്താനം) (Ph.D in Bio chemisrty)
13. അഗസ്റ്റിൻ ജോർജ്ജ് (കടമാൻകുളം) (Ph.D in Physical Education)

## കുടുംബപ്രേക്ഷിത കാര്യാലയം

**1. വിവാഹ ഒരുക്ക സെമിനാർ 2011**

- **തീയതി:** സെപ്റ്റം. 13, 14, 15 – 27, 28, 29
  സ്ഥലം – **ശാന്തിനിലയം, തിരുവല്ല.**
  **ഫോൺ – 0469– 2603968, 2630852,**





- **തീയതി:** ഒക്ടോ. 11, 12, 13 – 25, 26, 27
  സ്ഥലം – **ബോധന, പുഷ്പഗിരി റോഡ്.**
  **ഫോൺ – 9495124446, 9447827705, 9495682835**

**നിർദ്ദേശങ്ങൾ**

- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് വ്യാഴാഴ്ച 4 മണിക്ക് അവസാനിക്കും.
- രജിസ്ട്രഷൻ ഫീസ് 500 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്.

## ബൈബിൾ അപ്പസ്തോലേറ്റ്

**1. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ**

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരത്തിൽ നമ്മുടെ അതിരൂപതയിൽനിന്നും വിവിധ വിഭാഗങ്ങളിലായി ബഹു. സിസ്റ്റേഴ്സ്, അല്മായർ ഉൾപ്പെടെ 2500 വ്യക്തികൾ രജിസ്റ്റർ ചെയ്തിരിക്കുന്നു. അതിരൂപതാ തലത്തിലുള്ള പരീക്ഷ സെപ്റ്റംബർ 25 ന് ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ അതാത് കേന്ദ്രങ്ങളിൽവച്ച് നടക്കുന്നതാണ്. പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ അതിരൂപതാ കേന്ദ്രത്തിൽനിന്ന് അറിയിപ്പ് ഉണ്ടാകുമ്പോൾ ബന്ധപ്പെട്ടവർ അതാത് മേഖലയിൽനിന്ന് മേടിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**2. ബൈബിൾ സൗജന്യനിരക്കിൽ**

ബഹു. വികാരിയച്ചന്മാരുടെ കത്തുമുഖേന വരുന്ന വ്യക്തികൾക്ക് 50/60 രൂപ നിരക്കിൽ സമ്പൂർണ്ണ ബൈബിൾ ശാന്തിനിലയത്തിൽനിന്നും ലഭ്യമാണ്.

## പുഷ്പഗിരി

**1. സൗജന്യ ചികിത്സാ ക്യാമ്പ് നടത്തപ്പെട്ടു.**

പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജനറൽ സർജറി വിഭാഗത്തിന്റെയും ഓർത്തോപീഡിക്സ് വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ ജൂലൈ 11 മുതൽ 23 വരെയും ജൂലൈ മാസം 27–ാം തീയതി മുതൽ ഓഗസ്റ്റു മാസം 13–ാം തീയതി

വരെയും സൗജന്യ ചികിത്സാ ക്യാമ്പ് നടത്തപ്പെട്ടു. ഈ ചികിത്സാ ക്യാമ്പിൽ തൈറോയിഡ്, ഗ്രന്ഥിവീക്കം, കഴുത്തിലെ മുഴകൾ, ശരീരത്തിലെ മുഴകൾ, കൈകാൽവേദന, അസ്ഥി തേയ്മാനം, അസ്ഥിയിലെ മുഴകൾ തുടങ്ങിയ രോഗങ്ങൾക്ക് സൗജന്യപരിശോധനയും ശസ്ത്രക്രിയ ആവശ്യമുള്ളവർക്ക് സൗജന്യശസ്ത്രക്രിയയും ചെയ്തുകൊടുക്കാൻ വേണ്ട സജ്ജീകരണങ്ങളാണ് ഒരുക്കിയത്. ഈ ക്യാമ്പ് ഏറെപ്പേർക്ക് അനുഗ്രഹമായി.

**2. പുഷ്പഗിരിയിൽ രോഗികൾക്ക് സൗജന്യപത്രം**

പുഷ്പഗിരി ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടവരുടെയും രോഗികളോടൊപ്പം നില്ക്കുന്നവരുടെയും താല്പര്യം പരിഗണിച്ച് എല്ലാ ദിവസവും രാവിലെ തന്നെ ദീപികപത്രത്തിന്റെ കോപ്പികൾ എല്ലാവർക്കും സൗജന്യമായി ലഭ്യമാക്കുവാൻ തീരുമാനിച്ചു. തീരുമാനം സർക്കുലർ മൂഖാന്തിരം എല്ലാ ഡിപ്പാർട്ടുമെന്റുകളിലും അറിയിച്ചു.

**3. ജൂലൈ 15, പ്ലാസ്റ്റിക് സർജറി ദിനം**

രാജ്യവ്യാപകമായി ജൂലൈ 15 ന് പ്ലാസ്റ്റിക്സർജറി ദിനമായി ആചരിക്കുന്നു. ഈ ദിനം സമുചിതമായി ആചരിക്കുന്നതിൽ പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രി വേണ്ടത്ര ശ്രദ്ധിച്ചു. പൊതുജനങ്ങളിൽ ബോധവത്ക്കരണം നടത്തുന്നതിന്റെ ഭാഗമായി 15-ാം തീയതി രാവിലെ 10 മണിക്ക് ഒ.പി.വിഭാഗത്തിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ ഡയറക്ടർ ഫാ. സന്തോഷ് അഴകത്ത് അദ്ധ്യക്ഷത വഹിച്ചു. പ്ലാസ്റ്റിക്സർജറിയുടെ പ്രാധാന്യം വിവരിച്ചും, ഡോക്ടർ സിറിൽ ജോസഫ് നേതൃത്വം കൊടുക്കുന്ന പ്ലാസ്റ്റിക് സർജറി വിഭാഗത്തിന്റെ സുത്യർഹമായ സേവനങ്ങളെ പ്രകീർത്തിച്ചും ബഹു.അച്ചൻ പ്രസംഗിച്ചു.തുടർന്ന് ഫോട്ടോ പ്രദർശനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. പുഷ്പഗിരി ആശുപത്രിയിൽതന്നെ നടത്തിയ പ്ലാസ്റ്റിക് സർജറികളുടെ ദൃശ്യങ്ങളായിരുന്നു പ്രദർശിപ്പിച്ചത്. വിവിധതരം പ്ലാസ്റ്റിക് സർജറികളെപ്പറ്റി ഡോ.സിറിൽ ജോസഫ് വിശദീകരിച്ചു.

**4. എൻഡോസ്കോപ്പിക് സൈനസ് ശസ്ത്രക്രിയ ശില്പശാല പുഷ്പഗിരിയിൽ**

പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇ.എൻ.റ്റി. വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മൂന്നാമത് എൻഡോസ്കോപിക് സൈനസ് ശസ്ത്രക്രിയ ശില്പശാല 2011 ജൂലൈ





30,31 തീയതികളിൽ നടത്തപ്പെട്ടു. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ നടത്തപ്പെട്ട ശില്പശാലകളെപ്പോലെ ഇതും ഏറെ ഗുണകരമായിരുന്നു. കേരളത്തിൽനിന്നും കേരളത്തിനു പുറത്തുനിന്നുമുള്ള ഇ.എൻ.റ്റി. വിദഗ്ദ്ധർ ഈ ശില്പശാലയിൽ പങ്കെടുത്തു.

എൻഡോസ്കോപിക് സൈനസ് ശസ്ത്രക്രിയ കഴിഞ്ഞ കുറെ വർഷങ്ങളായി അന്താരാഷ്ട്ര നിലവാരത്തോടെ പുഷ്പഗിരിയിൽ നടത്തിവരുന്നുണ്ട്. ആധുനിക സൗകര്യങ്ങളെടെയുള്ള ഈ ശസ്ത്രക്രിയയിൽ പുതിയ തലമുറയ്ക്ക് പരിശീലനം നല്കുന്നതിനുവേണ്ടിയാണ് ഈ ശില്പശാല സംഘടിപ്പിക്കുന്നത്. ഏറെപ്പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. കേരളത്തിൽ ചുരുക്കം ചില ആശുപത്രികളിൽ മാത്രമേ ഇത്തരം ശസ്ത്രക്രിയ നടത്തുന്നുള്ളൂ. ശില്പശാലയിൽ തൃശ്ശിനാപ്പള്ളിയിൽനിന്നുള്ള ഡോ. ജാനകി റാം പ്രത്യേക ക്ഷണിതാവായിരുന്നു. ഓർഗനൈസിംഗ് ചെയർമാൻ ഡോ. ആന്റണി ജോസഫ്, കോഴ്സ് ഡയറക്ടർ ഡോ. വിവേക് ശശീന്ദ്രൻ, ഓർഗനൈസിംഗ് സെക്രട്ടറി ഡോ. ബിനു ബാബു എന്നിവർ ശില്പശാലക്കു നേതൃത്വം നല്കി.

**5. ഉത്ഘാടനം**

പുഷ്പഗിരി ആശുപത്രിയിൽ എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടി പണികഴിപ്പിച്ച X-MICU 2011 ഓഗസ്റ്റ് 1-ാം തീയതി രാവിലെ 8 മണിക്ക്, പുഷ്പഗിരി മെഡിക്കൽ സൊസൈറ്റിയുടെ ചെയർമാൻ & ചീഫ് എക്സിക്യൂട്ടീവ് റവ.ഡോ. ഏബ്രഹാം മുളമൂട്ടിൽ ആശീർവ്വദിച്ച് ഉത്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ ഫാ. സന്തോഷ് അഴകത്ത്, ഫാ. രഞ്ജിത്ത് മഠത്തിറമ്പിൽ, ഫാ. വർഗീസ് പള്ളിക്കൽ, ഫാ. മാത്യു മഴുവഞ്ചേരിൽ, ഫാ. മാത്യു പുനക്കുളം, ഡോക്ടർ ജി. സുകുമാരൻ, ഡോ. ഏബ്രഹാം വർഗീസ്, ഡോ.പി.എ. ജേക്കബ്, ഡോ.എ.എസ്. മാത്യു, ഡോ.ജോർജ് തോമസ്, ഡോ.റജി തോമസ് എന്നിവർ പങ്കെടുത്തു. പുതിയവാർഡിൽ കൂടുതൽ സൗകര്യങ്ങളോടുകൂടിയ 13 കിടക്കകളാണ് സജ്ജമാക്കിയിട്ടുള്ളത്.

**6. പുഷ്പഗിരി മെഡിക്കൽ കോളേജിൽ MBBS 2011 ബാച്ച് ആരംഭിച്ചു.**

പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ 10-മത് ബാച്ച് വിദ്യാർത്ഥികളെ സ്വാഗതം ചെയ്തുകൊണ്ട് ഓഗസ്റ്റ് ഒന്നാം തീയതി രാവിലെ 10 മണിക്ക് പുഷ്പഗിരി സെനറ്റ് ഹാളിൽ കൂടിയ സമ്മേളനത്തിൽ തിരുവല്ലാ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ആദ്ധ്യക്ഷം വഹി

ച്ചു. MBBS വിദ്യാർത്ഥികൾ പ്രാർത്ഥനാഗാനം ആലപിച്ചു. റവ. ഡോ.ഏബ്രഹാം മുളമൂട്ടിൽ ഏവർക്കും സ്വാഗതമാശംസിച്ചു. മുതിർന്ന MBBS വിദ്യാർത്ഥികൾ പുതിയ ബാച്ചിലെ വിദ്യാർത്ഥിനി വിദ്യാർത്ഥികളെ സ്വീകരിച്ചാനയിച്ചു. തുടർന്ന് മെഡിക്കൽ കോളേജ് ഡീൻ ഡോ.കെ.ഏബ്രഹാം ജോസ്, പുതിയ ബാച്ച് MBBS വിദ്യാർത്ഥികൾക്കും അവരുടെ രക്ഷകർത്താക്കൾക്കുംവേണ്ടി പുഷ്പഗിരി മെഡിക്കൽ കോളേജിനെപ്പറ്റിയും ശിക്ഷണ സവിശേഷതകളെപ്പറ്റിയും വിവരിച്ചു. പഠിച്ച് വലിയവരായി ഗുണനിലവാരമുള്ള ഡോക്ടറന്മാരായിത്തീരുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ പ്രസംഗിച്ചത്. എല്ലാത്തിനും പിൻബലമായി ഈശ്വരചിന്ത, കർമ്മോത്സുകരാകാൻ കൂടെക്കൂടെയുള്ള പരിചിന്തനം, തെറ്റുകുറ്റങ്ങളുണ്ടായാൽ തിരുത്താനുള്ള മനസ്സ്, ബാഹ്യമായതിനെക്കാൾ ആന്തരിക സൗന്ദര്യമാണ് വിലപ്പെട്ടത് എന്ന ചിന്ത, ഇതെല്ലാമുള്ള ആളാവണം ഒരു ഡോക്ടർ-അഭിവന്ദ്യ പിതാവ് ഉപദേശിച്ചു. എം.ബി.ബി.എസ് വിദ്യാർത്ഥികൾ ഇവിടെ എന്തൊക്കെയാണ് പഠിക്കുന്നതെന്നും, വസ്ത്രധാരണം, പെരുമാറ്റം ഇവ എങ്ങനെയായിരിക്കണമെന്നും വൈസ് പ്രിൻസിപ്പൽ ഡോ. ലിസമ്മ അലക്സ് വിശദീകരിച്ചു.

## 7. യാത്രയയ്പ്പ് സമ്മേളനം

പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിഞ്ഞ പത്തുവർഷക്കാലം ഓർത്തോപീഡിക്സ് വിഭാഗം മേധാവി, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ഡീൻ എന്നീ നിലകളിൽ സ്തുത്യർഹ സേവനം അനുഷ്ഠിച്ച ഡോ. കെ. ഏബ്രഹാം ജോസ് 2011 ഓഗസ്റ്റ് ഒന്നാം തീയതി ജോലിയിൽനിന്ന് വിരമിച്ചു. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ പുഷ്പഗിരിയെ മുമ്പന്തിയിലേക്കു നയിക്കുവാൻ അദ്ദേഹം ചെയ്ത സേവനങ്ങൾ ശ്ലാഘനീയമാണ്. ഡോ. ഏബ്രഹാം ജോസിനോടുള്ള ബഹുമാനാർത്ഥം 5-8-2011 വെള്ളിയാഴ്ച 3 മണിക്ക് പുഷ്പഗിരി സെനറ്റുഹാളിൽ യാത്രയയ്പ്പു സമ്മേളനം നടത്തി. തിരുവല്ലാ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷനായിരുന്നു. പുഷ്പഗിരി മെഡിക്കൽ കോളേജിനു മഹത്തായൊരു പാരമ്പര്യം അവകാശപ്പെടുത്തിയിട്ടാണ് ഡോ. ഏബ്രഹാം ജോസ് ഇവിടെനിന്നു വിരമിക്കുന്നതെന്ന് പിതാവു പറഞ്ഞു. ഡോ. ഏബ്രഹാം ജോസിന് പുഷ്പഗിരി





വക പാരിതോഷികം നല്കി. യോഗാനന്തരം ചായസല്ക്കാരം ഉണ്ടായിരുന്നു.

## 8. സൗജന്യ ചികിത്സ പദ്ധതി

പുഷ്പഗിരി മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ദിനത്തോടനുബന്ധിച്ച് സൗജന്യ ചികിത്സാ പദ്ധതി **"കാരുണ്യ 2011",** ഓഗസ്റ്റ് മാസം 15-ാം തീയതി മുതൽ ആരംഭിച്ചിരിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കട്ടെ. അടുത്ത 3 മാസത്തേക്ക് നടത്തപ്പെടുന്ന ഈ പദ്ധതി സമൂഹത്തിലെ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായി സൗജന്യ ചികിത്സ ലഭ്യമാകുന്ന വിധത്തിലാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോപീഡിക്സ്, ഗൈനക്കോളജി, ഇ.എൻ.റ്റി., ഡെർമറ്റോളജി (ത്വക്ക് രോഗവിഭാഗം), Pulminary Medicine, (ശ്വാസകോശ രോഗവിഭാഗം), ഒപ്താൽമോളജി (കണ്ണ്), സൈക്യാട്രി എന്നീ വിഭാഗങ്ങളിൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണ്.

ഇടവകവികാരികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, വിവിധ സഭാ സാമൂഹിക നേതാക്കന്മാർ, തുടങ്ങിയവരിൽനിന്നും ലഭിക്കുന്ന "കാരുണ്യ 2011" റഫറൻസ് കാർഡുമായി വരുന്നവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഈ പദ്ധതിയിലൂടെ ഒ.പി.വിഭാഗത്തിൽ ഡോക്ടറെ കാണുന്നതിന് രജിസട്രേഷൻ ഫീസായി 10 രൂപ മാത്രമേ ഈടാക്കുകയുള്ളൂ.

കിടത്തി ചികിത്സ ആവശ്യമായി വരുന്ന രോഗികൾക്ക് ബെഡ് ചാർജ്, ഡോക്ടേഴ്സ് ഫീ, നഴ്സിംഗ് കെയർ ഫീസ് തുടങ്ങിയവ പൂർണ്ണമായും സൗജന്യമായിരിക്കും. സർജറി ആവശ്യമായി വരുന്ന രോഗികൾക്ക് ഓപ്പറേഷൻ ചാർജിന്റെ 50 മുതൽ 100% വരെ കുറവുണ്ടായിരിക്കുന്നതാണ്. കൂടാതെ മരുന്നുകൾക്കും മറ്റു ടെസ്റ്റുകൾക്കും 50% ത്തോളംവരെ കുറവുണ്ടായിരിക്കുന്നതാണ്. എക്സറേ, ഇ.സി.ജി. തുടങ്ങിയവയ്ക്ക് 40% വരെയും അൾട്രാസൗണ്ട് സ്കാനിംഗ്, സി.റ്റി.സ്കാനിംഗ് തുടങ്ങിയവയ്ക്ക് 20% വരെയും കുറവുണ്ടായിരിക്കുന്നതാണ്. ഈ പദ്ധതിയിലൂടെ ചികിത്സക്കായി ഡോക്ടറെ കാണാൻ വരുന്നവർ മുമ്പ് ചികിത്സച്ചതിന്റെ രേഖകളും കൊണ്ടുവരേണ്ടതാണ്.

# ബോധന

## 1. മാതൃകാ ജൈവ ഒറ്റഞാർ കൃഷി പാടം

കാരിത്താസ് ഇന്ത്യയും ബോധനയും ചേർന്ന് ഡോ. ഹരിദാസിന്റെ ( NRM Co-ordinator, South Asia) നേതൃത്വത്തിൽ കല്ലുങ്കൽ ഒരേക്കർ സ്ഥലത്ത് ഒറ്റ ഞാർ കൃഷി പരീക്ഷണം നടത്തി വരുന്നു. മറ്റ് ജൈവകൃഷികളിൽ നിന്നും വ്യത്യസ്തമായി ചെലവു കുറഞ്ഞതും ശാസ്ത്രീയ പ്രക്രിയയിലൂടെ ഇരട്ടിനേട്ടം ലഭിക്കുന്നതുമായ കൃഷി രീതിയാണ് ഇത്. വിത്തുകൾ തിരഞ്ഞെടുക്കുന്നതു മുതൽ കൊയ്ത്ത് വരെയുള്ള ഘട്ടങ്ങൾ പരിചയ സമ്പന്നരായ കൃഷിക്കാരുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു.

## 2. കുട്ടനാട് പാക്കേജ് ശില്പശാല

അപ്പർ കുട്ടനാടിന്റെ വികസനത്തിനുവേണ്ടി അടിയന്തിരമായി നടപ്പാക്കേണ്ട പദ്ധതികളെ സംബന്ധിച്ച് കുട്ടനാട് പാക്കേജ് പദ്ധതിയുടെ നേതൃത്വത്തിൽ നടന്ന ശില്പശാലയിൽ ബോധനയെ പ്രതിനിധീകരിച്ച് ശ്രീ. ജിനു തോമ്പുംകുഴി, ശ്രീ. ജസ്റ്റിൻ ജോർജ്ജ് എന്നിവർ പങ്കെടുത്തു. ജൂലൈ 15-ാം തീയതി പുളിക്കീഴ് സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ബഹു. മന്ത്രിമാർ എം.പി.മാർ, എം.എൽ.എ മാർ ജില്ലാ കളക്ടർ വിവിധ വകുപ്പുകളുടെ ഡയറക്ടർമാർ എന്നിവർ സംബന്ധിച്ചിരുന്നു. അപ്പർകുട്ടനാടിന്റെ അടിയന്തര ആവശ്യങ്ങളായ എട്ടു പദ്ധതികൾ ഉൾപ്പെടുത്തി കൂട്ടായ ചർച്ചകൾ നടത്തുകയും റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കുകയും ചെയ്തു.

## 3. ജലനിധി പദ്ധതി

കേരള വാട്ടർ സപ്ലെ ആന്റ് സാനിറ്റേഷൻ ഏജൻസി നടപ്പാക്കി വരുന്ന ജലനിധി പദ്ധതിയിൽ തൃശൂർ ജില്ലയിൽ പാണഞ്ചേരി പഞ്ചായത്തിലും, പത്തനംതിട്ട ജില്ലയിൽ കോന്നി പഞ്ചായത്തിലും വിജയകരമായി പ്രവർത്തിക്കുവാൻ ബോധനയ്ക്കു സാധിച്ചു. ഇതിന്റെ അംഗീകാരമെന്നവണ്ണം ഇപ്പോൾ കോട്ടയം ജില്ലയിൽ കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനായി ബോധന - തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി - തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.





## 4. കുട്ടികർഷകസംഘം - അവാർഡ് വിതരണം

ബോധന CMDRR ന്റെ പ്രവർത്തനപരിധിയിലുള്ള പെരിങ്ങര പഞ്ചായത്തിൽ കുട്ടികർഷകരുടെ ജൈവപച്ചക്കറി കൃഷിയിൽ പെരിങ്ങര കൃഷിഭവന്റെ ഈ വർഷത്തെ അവാർഡിന് ചാത്തങ്കേരി എസ്.എൻ.ഡി.പി.സ്കൂൾ, പി.എം.വി.എച്ച്.എസ്, പെരിങ്ങര ഗേൾസ് ഹൈസ്ക്കൂൾ എന്നീ സ്കൂളുകളിലെ കുട്ടികർഷകർ അർഹരായി. ജൂൺ 22, 23, 24 തീയതികളിൽ അവാർഡുകൾ വിതരണം ചെയ്തു. അദ്ധ്യാപകർ, ആനിമേറ്റർമാർ ബോധന പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായ ശ്രീ. ജിനു തോമ്പുംകുഴി, കുമാരി വർഷ ശിവദാസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## 5. സ്വാതന്ത്ര്യദിനാഘോഷം

രാജ്യത്തിന്റെ 65-മത് സ്വാതന്ത്ര്യദിനം മല്ലപ്പള്ളി സി.എം.എസ്. എൽ.പി.ജി.എസും മല്ലപ്പള്ളി ബോധന സാംസ്ക്കാരിക സംഘടനയും സംയുക്തമായി ആഘോഷിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എലിസബേത്ത് ജേക്കബ് രാവിലെ 9.30 ന് പതാക ഉയർത്തി. സ്കൂൾ മാനേജർ റവ. ഏബ്രഹാം സി. പ്രകാശ് സമ്മേളനം ഉത്ഘാടനം ചെയ്തു. ശ്രീമതി മിനി സോജൻ, ശ്രീ റെജി പണിക്കമുറി, ശ്രീ. പി.സി. ചാക്കോ, ശ്രീ അല്കസാണ്ടർ സി.വി., ശ്രീ ബെന്നി ജോൺ, കുമാരി മഹിമാ പി.ജി., ഇആണ്ടെ പ്രസിഡന്റ് ശ്രീ. എം.കെ. കുര്യൻ, ബോധന കോ-ഓഡിനേറ്റർ ശ്രീ. കിരൺ ബാബു സീ.ആർ. എന്നിവർ ആശംസകൾ അർപ്പിച്ചു.

## 6. കുട്ടനാടൻ മേഖലയിൽ ജല ശുദ്ധീകരണ സംവിധാനങ്ങൾ

**മാന്നാർ വെസ്റ്റ്:** -റവ. ഫാ. ആന്റണി ചെത്തിപ്പുഴയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശ്രീ. ജസ്റ്റിൻ ജോർജ്ജ്, ശ്രീ. ജിനു തോമ്പുംകുഴി എന്നിവർ ജലശുദ്ധീകരണ സംവിധാനങ്ങളെക്കുറിച്ച് ക്ലാസ്സുകൾ എടുത്തു. അതിൽ 75 പേർ സംബന്ധിച്ചിരുന്നു. ഇവരെ 7 ഗ്രൂപ്പുകളായി തിരിക്കുകയും ഗ്രൂപ്പുകളുടെ മീറ്റിംഗുകൾ ഈ ആഴ്ചയിൽ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**മാന്നാർ ഈസ്റ്റ്** - റവ. ഫാ. കുര്യൻ കിഴക്കേക്കരയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ ബോധനയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. വിൽസൺ നിറകണ്ടത്തിൽ

ജലശുദ്ധീകരണ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. തുടർന്ന് ശ്രീ. സിജി മാത്യു, ശ്രീ. അഷിഷ്, ശ്രീ. ജിനു തോമ്പുംകുഴി എന്നിവർ ജലശുദ്ധീകരണ സംവിധാനങ്ങളെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു. പ്രസ്തുത ക്ലാസ്സുകളിൽ പങ്കെടുത്ത 20 പേരെ 5 ഗ്രൂപ്പുകളായി തിരിക്കുകയും ഗ്രൂപ്പുകളുടെ മീറ്റുംഗുകൾ ഈ മാസം അവസാനം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. യോഗത്തിൽ അഡ്വ. എം.സി. വർഗീസ് നന്ദി പ്രകാശിപ്പിച്ചു.

**7. ജെ.ബി.വൈ ക്ലെയിം വിതരണം**

ബോധനയും എൽ.ഐ.സി. ഓഫ് ഇന്ത്യയുമായി സഹകരിച്ച് നിരണം മേഖലയിൽ നടപ്പാക്കിയ ജനശ്രീ ബീമ യോജന പദ്ധതി മരണാനന്തര ഇൻഷ്യറൻസ് സഹായമായി 30,000 രൂപ വീതം വേങ്ങൽ യൂണിറ്റിൽപെട്ട ശ്രീ. കെ.സി. ഏബ്രഹാം. നിരണം യൂണിറ്റിൽപ്പെട്ട ശ്രീമതി തങ്കമ്മ മത്തായി എന്നിവരുടെ അനന്തരാവകാശികൾക്ക് മേഖല ഡയറക്ടർ റവ. ഫാ. ജയിംസ് കുമ്പന്താനം ഇൻഷ്യറൻസ് തുക ൻകുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ യൂണിറ്റ് ഡയറക്ടർ റവ. ഫാ.വർഗീസ് അങ്ങാടിയിൽ, ശ്രീ. ജിനു തോമ്പുംകുഴി എന്നിവർ പങ്കെടുത്തു.

## 8. ജൈവകൃഷി പരിശീലനം

കൃഷിയോടും കൃഷിരീതികളോടും താത്പര്യം കുറഞ്ഞ ഈ കാലഘട്ടത്തിൽ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുക. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, അതുവഴി ഭൂമിയെയും അന്തരീക്ഷത്തെയും മാലിന്യ വിമുക്തമാക്കുക, അനുദിനം വർദ്ധിച്ചു വരുന്ന വിലക്കയറ്റത്തെ പ്രതിരോധിച്ച് സ്വയം പര്യാപ്തതയിലേക്ക് നമ്മുടെ ഗ്രാമത്തെ നയിക്കുക, എന്നീ ലക്ഷ്യത്തോടെ ബോധന വിഭാവനം ചെയ്ത് നടപ്പാക്കുന്ന പ്രകൃതി സംരക്ഷണ മാർഗ്ഗത്തിന്റെ ഭാഗമായി ജൈവകൃഷി പരിശീലന പരിപാടി വിവിധ യൂണിറ്റുകളിൽ നടത്തി വരുന്നു. റാന്നി മേഖലയിലെ പ്ലാങ്കമൺ സെന്റ് ജോസഫ് മലങ്കര കത്തോലിക്കാ പള്ളിയിൽ യൂണിറ്റ് അംഗങ്ങൾക്കായി ജൂൺ 23-ാം തീയതി ജൈവകൃഷി പരിശീലനം നടത്തി. റാന്നി മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. അനിൽ ജോസഫ് സ്വാഗതം ആശംസിച്ച പരിശീലനത്തിൽ മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് പയ്യംപള്ളി ആശംസകൾ അർപ്പിച്ചു. NRM പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ. അരുൺ പി. രാജൻ, ശ്രീ. സിജി മാത്യു എന്നിവർ ക്ലാസിന് നേതൃത്വം നൽകി. ഇടവക വികാരി റവ. ഫാ. വർഗ്ഗീസ് മണലിൽ നന്ദി അർപ്പിച്ചു.





**9. അക്ഷയ പ്രൊജക്ട് ക്ഷയരോഗ ബോധവത്ക്കരണ ക്ലാസ്സ്**

CHAI (Catholic Health Association of India) യുടെ അക്ഷയ പ്രൊജക്ട് ബോധനയുമായി ചേർന്ന് പത്തനംതിട്ട ജില്ലയുടെ പ്രവർത്തന മേഖലകളിൽ ക്ഷയരോഗ ബോധവത്ക്കരണ സെമിനാർ നടത്തി വരുന്നു. ക്ഷയരോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക, രോഗികളെ കണ്ടുപിടിച്ച് അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഏപ്രിൽ അവസാനവാരം ആരംഭിച്ച ഈ പദ്ധതിയുടെ ഭാഗമായി ജൂൺ 2, 22, 30 തീയതികളിലായി നിരണം സെന്റ് മേരീസ് മലങ്കര കത്തോലിക്കാപള്ളി, വേങ്ങൽ അംഗനവാടി, ഓതറ പൂതക്കുഴി അംഗനവാടി, പുറമറ്റം ചേറ്റുതടം അംഗനവാടി എന്നീ സ്ഥലങ്ങളിൽ ക്ഷയരോഗ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി. കോ-ഓർഡിനേറ്റർ കുമാരി ഫേബാ എലിസബത്ത്, ശ്രീ. ജിനു തോമ്പുംകുഴി, കുമാരി ശരണ്യ, കുമാരി സന്ധ്യ എന്നിവർ നേതൃത്വം നൽകി.

**10. സൗജന്യ മെഡിക്കൽ ക്യാമ്പ്**

ബോധനയുടെ പ്രജനന ശിശു ആരോഗ്യ പരിപാടിയുടെ ഭാഗമായി ലോകമുലയൂട്ടൽവാരത്തോടനുബന്ധിച്ച് കുട്ടികൾക്കായി സൗജന്യ വൈദ്യ പരിശോധനാ ക്യാമ്പ് ചേറ്റുതടം കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ചു. പുഷ്പഗിരി ഹോസ്പിറ്റലിലെ വിദഗ്ധരായ ഡോക്ടർമാർ നയിച്ച ക്യാമ്പിൽ 75 പേർ പങ്കെടുത്തു. കൗമാര പ്രായമായ 41 പെൺകുട്ടികൾക്ക് Rubella Vaccine നൽകുകയും ചെയ്തു.

**11. മെഡിക്കൽ ക്യാമ്പ്**

ബോധന പുറമറ്റം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കി വരുന്ന പ്രജനന ശിശു ആരോഗ്യ പദ്ധതിയുടെ ഭാഗമായി പുറമറ്റം പഞ്ചായത്തിലെ കൊച്ചെഴുത്തുമല അംഗനവാടിയിൽ പഞ്ചായത്ത് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സഹകരണത്തോടെ കുട്ടികൾക്ക് രോഗപ്രതിരോധ കുത്തിവയ്പ്പും മരുന്നു വിതരണവും നടത്തി. പ്രാഥമികാരോഗ്യകേന്ദ്രം ഡോക്ടർ മായ രാജഗോപാൽ, പ്രോഗ്രാം കോ-ഓർഡിനേറ്റർ കുമാരി ഫേബാ എലിസബത്ത്, ആനിമേറ്റർ ശ്രീമതി ബിന്ദു, കുമാരി വിജയശ്രീ, കുമാരി മഹി ദേവി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ 75 അംഗങ്ങൾ പങ്കെടുത്തു.

**12. വ്യക്തിത്വ വികസന സെമിനാർ**

പുറമറ്റം ഗ്രാമപഞ്ചായത്തിൽ ബോധന നടപ്പാക്കി വരുന്ന പ്രജനന ശിശു ആരോഗ്യ പദ്ധതിയുടെ ഭാഗമായി ജൂലൈ 4-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് വട്ടക്കോട്ടാൽ യു.പി. സ്കൂളിലെ കുട്ടികൾക്കായി വ്യക്തിത്വ വികസന സെമിനാർ നടത്തി. 45 കുട്ടികൾ പങ്കെടുത്ത സെമിനാറിന് കുമാരി ശരണ്യ, ശ്രീ. ജസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

**13. പരിശീലനം സംഘടിപ്പിച്ചു**

ബോധനയുടെ തേനീച്ച വളർത്തൽ പരിശീലനത്തിന്റെ ഭാഗമായി എറണാകുളം തേവര കോളേജിൽ ജൂലൈ 16-ാം തീയതി തേനീച്ച വളർത്തൽ പരിശീലനം സംഘടിപ്പിച്ചു. കോളേജിലെ സുവോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ പരിശീലനത്തിൽ വിദ്യാർത്ഥികളും കുടുംബശ്രീ അംഗങ്ങളും കോളേജ് ജീവനക്കാരും പങ്കെടുത്തു. കോളേജ് കൗൺസിലർ ഉദ്ഘാടനം ചെയ്ത പരിശീലന പരിപാടിക്ക് ബോധന തേനീച്ച വളർത്തൽ വിഭാഗം കോ-ഓർഡിനേറ്റർ ശ്രീ. തോമസ് നേതൃത്വം നൽകി. കോളേജിൽ ആരംഭിക്കുന്ന തേനീച്ച വളർത്തൽ പദ്ധതിക്ക് എല്ലാവിധമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധനയിൽ നിന്നും ലഭ്യമാക്കണമെന്ന് പ്രിൻസിപ്പൽ റവ. ഡോ. പ്രശാന്ത് പാലയ്ക്കാപ്പിള്ളിൽ സി.എം.ഐ അറിയിച്ചു.

**14. മേഖല യൂണിറ്റ് വിലയിരുത്തൽ മീറ്റിംഗുകൾ**

ബോധനയുടെ പ്രവർത്തനം സുഗമമാക്കുന്നതിനും പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തുന്നതിനും മേഖല -യൂണിറ്റ് ഭാരവാഹികളുടെ മീറ്റിംഗ് കട്ടപ്പന മേഖല (ജ്യോതിസ് പാസ്റ്ററൽ സെന്റർ), മല്ലപ്പള്ളി (സെന്റ് ജോസഫ് ഐ.റ്റി.സി), റാന്നി (സമീക്ഷ ക്രിസ്തുരാജ മലങ്കര കത്തോലിക്ക പള്ളി), നിരണം (സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളി ഓഡിറ്റോറിയം) എന്നീ മേഖലാ ഓഫീസുകളിൽ മേഖലാ ഡയറക്ടർമാർ, വികാരിമാർ, യൂണിറ്റ് ഡയറക്ടർമാർ, പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ എന്നിവരുടെ നേതൃത്വത്തിൽ നടന്നു വരുന്നു.

**15. പരിസ്ഥിതി സെമിനാർ**

നിരണം മേഖല കത്തീഡ്രൽ യൂണിറ്റ് ആനിമേറ്റർ ശ്രീമതി മോളി ജോസഫിന്റെ വസതിയിൽ ജൂൺ 24-ാം തീയതി പരിസ്ഥിതി സെമിനാർ നടത്തി. യൂണിറ്റ് പ്രസിഡണ്ട് ശ്രീമതി ജി. ഓമനക്കുട്ടി





അദ്ധ്യക്ഷത വഹിച്ചു. രണ്ടു ഗ്രൂപ്പുകളിൽ നിന്നായി 32 അംഗങ്ങൾ പങ്കെടുത്തു. ബോധന NRM അസി. കോ-ഓർഡിനേറ്റർ ശ്രീ. സിജി മാത്യു ക്ലാസ് നയിച്ചു.

**16. പരിസ്ഥിതി സെമിനാർ - കല്ലിശ്ശേരി**

നിരണം മേഖല, കല്ലിശ്ശേരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂൺ 30-ാം തീയതി ഓതറ അംഗനവാടിയിൽ വച്ച് യൂണിറ്റിലെ അയൽക്കൂട്ടാംഗങ്ങൾക്കായി 'പരിസ്ഥിതി' എന്ന വിഷയത്തെക്കുറിച്ച് ശ്രീ. ജസ്റ്റിൻ ജോർജ്ജ് ക്ലാസ് നയിച്ചു. മേഖല കോ-ഓർഡിനേറ്റർ ശ്രീ. ജിനു തോമ്പുംകുഴി നേതൃത്വം നല്കി. 35 പേർ പങ്കെടുത്തു.

**17. മെഡിക്കൽ ക്യാമ്പ്**

ബോധന സ്റ്റെല്ല മഹിളാ സമാജം ആലംതുരുത്തി യൂണിറ്റിന്റെ നേതൃത്വത്തിൽ പുഷ്പഗിരി മെഡിക്കൽ കോളജിന്റെ സഹകരണത്തോടെ 2011 ജൂലൈ 30-ന് സ്റ്റെല്ല മേരി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ജനറൽ മെഡിസിൻ, പീഡിയാട്രീക്, ഗൈനക്കോളജി, ഓർത്തോപീഡിക്ക് എന്നീ ഡിപ്പാർട്ടുമെന്റുകളിലെ ഡോക്ടർമാരുടെ സേവനം ലഭ്യമായി. മേഖലാ ഡയറക്ടർ റവ. ഫാ. ജെയിംസ് കുമ്പന്താനത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബോധന എക്സി. ഡയറക്ടർ റവ. ഫാ. വിൽസൺ നിറകണ്ടത്തിൽ ക്യാമ്പ് ഉത്ഘാടനം ചെയ്തു. പ്രോഗ്രാം കോഡിനേറ്റർ ശ്രീ. ജിനു തോമ്പുംകുഴി. ശ്രീമതി ശോശാമ്മ കുര്യൻ, ശ്രീമതി അന്നമ്മ തോമസ്, ശ്രീമതി സുജ മോഹൻ, ശ്രീമതി ഉഷ പെരുമാൾ എന്നിവർ ആശംസകളർപ്പിച്ചു. ശ്രീമതി ആനി ജോൺ, ശ്രീമതി ജെസി ജോർജ്, ശ്രീമതി കമലാക്ഷി കെ.ഡി., ശ്രീമതി ലക്ഷ്മി രാധാകൃഷ്ണൻ എന്നിവർ നേതൃത്വം നല്കിയ ക്യാമ്പിൽ 175 പേർ പങ്കെടുത്തു.

**18. സേവ് എ ഫാമിലി പ്ലാൻ Jan 2011**

സേവ് എ ഫാമിലി പ്ലാനിന്റെ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന കുടുംബോദ്ധാരണ പദ്ധതിയിൽ നിരണം, മല്ലപ്പള്ളി, റാന്നി മേഖലകളിൽ നിന്നായി 48 പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. സേവ് എ ഫാമിലി പ്ലാൻ (ഇൻഡ്യാ) പ്രതിനിധി ശ്രീ. കെ.വി.ജോയി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ചു. സേവ് എ ഫാമിലി പ്ലാൻ കോഡിനേറ്റർ ശ്രീ. അരുൺ പി. രാജൻ, ശ്രീ. ജോസ് കെ.

എം., റീജിനൽ കോ-ഓഡിനേറ്റർമാരായ ശ്രീ. ജിനു തോമ്പുംകുഴി, ശ്രീ. കിരൺ ബാബു സി.ആർ, ശ്രീ. അനിൽ നെടുമല, ആനിമേറ്റർമാർ എന്നിവർ നേതൃത്വം നൽകി.

**19. കൂൺ കൃഷി പരിശീലനം**

പോഷക സമൃദ്ധമായ ആഹാരമാണ് കൂൺ. പ്രകൃതിയിൽ നിന്ന് ലഭ്യമായിരുന്ന പലതരം കൂണുകൾ ഇന്ന് അന്യമായിത്തീർന്നിരിക്കുന്നു. കുടുംബ വരുമാനം വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ഒരു കൃഷി എന്ന നിലയിൽ ബോധന കൂൺകൃഷി പ്രോത്സാഹിപ്പിക്കുകയും പരിശീലനം നല്കുകയും ചെയ്തു വരുന്നു. ഇതിന്റെ ഭാഗമായി ജൂൺ 29-ാം തീയതി ബോധന ട്രെയിനിംഗ് സെന്ററിൽ വച്ച് നടന്ന ഏകദിന പരിശീലനത്തിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി 35 അംഗങ്ങൾ പങ്കെടുത്തു. കുൺകൃഷിയുടെ വിവിധ സാധ്യതകൾ, വീടുകളിൽ കൂൺകൃഷി എങ്ങനെ നടത്താം? അതിന്റെ പരിപാലന രീതികൾ എങ്ങനെ? എന്നീ വിഷയങ്ങളെക്കുറിച്ച് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായ ശ്രീ. സിജി മാത്യു, ശ്രീമതി സിന്ധു സന്തോഷ് എന്നിവർ ക്ലാസ് നയിച്ചു. ബോധനയുടെ അയൽക്കൂട്ടങ്ങളിൽ കൂൺകൃഷി ഒരു വരുമാന വർദ്ധന പദ്ധതിയായി നടന്നു വരുന്നു. പരിശീലനത്തിനുശേഷമുള്ള follow up ട്രെയിനിംഗുകളും ബോധന നടത്തുന്നു.

**20. തേനീച്ച വളർത്തൽ പരിശീലനം**

തേനീച്ച വളർത്തൽ പരിശീലനത്തിന്റെ 58-ാമത് ബാച്ച് ബോധന ട്രെയിനിംഗ് സെന്ററിൽ വച്ചു നടത്തപ്പെട്ടു. ഉദ്ഘാടനം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. വിൽസൺ നിറകണ്ടത്തിൽ നിർവഹിച്ചു. പരിശീലനത്തിൽ തേനീച്ചകളെ സംബന്ധിച്ച് പൊതുവായും, നാടൻ, ഇറ്റാലിയൻ, ചെറുതേനീച്ച, കൃത്രിമ റാണി ഈച്ചയെ വളർത്തിയെടുക്കൽ, പൂമ്പൊടി ശേഖരണം, കൃത്രിമ പൂമ്പൊടി നിർമ്മാണം, തേനട നിർമ്മാണം, തേൻ സംസ്ക്കരണം, തേനീച്ച കോളനികളെ പിടിച്ചു വെയ്ക്കുന്ന രീതി, തേനീച്ച കോളനി വിഭജനം, തേൻ അനുബന്ധ ഉല്പന്നങ്ങളുടെ നിർമ്മാണം, തേനീച്ച കോളനികളുടെ മഴക്കാല സംരക്ഷണം എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ നടന്നു. രണ്ടു ദിവസം നീണ്ടുനിന്ന പരിശീലനങ്ങൾക്ക് പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ.കെ. തോമസ്, അസി. കോ-ഓർഡിനേറ്റർമാരായ ശ്രീ. സിജോ തോമസ്, ശ്രീ. ഈനാശി എന്നിവർ നേതൃത്വം നൽകി. വിവിധ സ്ഥലങ്ങളിൽ നിന്നായി 55 പേർ പങ്കെടുത്തു. ആഗസ്റ്റ് മാസത്തിൽ നടത്തുന്ന തേനീച്ച വളർത്തൽ പരിശീലനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ബോധന കേന്ദ്ര ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഫോൺ നമ്പർ. 0469 -2730561, 2606063.





# കോർപ്പറേറ്റ് മാനേജ്മെന്റ്

## 1 പ്രതിഭാസംഗമവും അവാർഡുദാനവും

ഇരുവെള്ളിപ്ര സെന്റ് തോമസ് ഹയർ സെക്കണ്ടറിസ്കൂളിൽ പ്രതിഭാസംഗമവും അവാർഡുദാനവും അനുമോദനവും നടന്നു. പത്തനംതിട്ട ലോക്സഭാഗം ശ്രീ. ആന്റോ ആന്റണി ഉദ്ഘാടനം ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ തിരുവല്ലാ അതിരൂപതാ വികാരി ജനറാൾ മോൺ. ആന്റണി കാക്കനാട്ട് അധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ.ഷാജി ബഹനാൻ ചെറുപാലത്തിൽ മുഖ്യപ്രഭാഷണം നടത്തി. 2010-11 അധ്യയനവർഷത്തിൽ എസ്. എസ്.എൽ.സി, പ്ലസ് 2 പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ ജീന സാറാ തോമസ്, മാസ്റ്റർ ലിബിൻ മാത്യു എന്നിവർക്ക് എൻഡോവ്മെന്റ് വിതരണം ചെയ്തു. ശ്രീ. ആന്റോ ആന്റണി എം.പിയുടെ പ്രാദേശിക വികസനഫണ്ടിൽ നിന്ന് 10 കമ്പ്യൂട്ടറുകൾ അനുവദിച്ചു. യോഗത്തിൽ പി.റ്റി.എ പ്രസിഡന്റ് ശ്രീ. തോമസ് വർഗീസ്, വാർഡ് കൗൺസിലർ ബിനോയ് വർഗീസ്, ലോക്കൽ മാനേജർ, ഫാ.ചെറിയാൻ മാമ്പ്രക്കുഴി എന്നിവർ സംസാരിച്ചു. പ്രിൻസിപ്പൽ ശ്രീ.തോമസുകുട്ടി സ്വാഗതവും സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ലൈലാ തോമസ് നന്ദിയും രേഖപ്പെടുത്തി.

# മാർ സേവേറിയോസ് കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, ചെങ്ങരൂർ

**1. ആർട്ട് ഫെസ്റ്റ് സ്പോർട്ട്സ് ഫെസ്റ്റ്**

പാഠ്യവിഷയങ്ങളെപ്പോലെതന്നെ പാഠ്യേതരവിഷയങ്ങൾക്കും ഈ കോളേജിൽ പ്രാമുഖ്യം കൊടുക്കുന്നുണ്ട്. ജൂൺ മാസത്തിൽ 'ആർട്ട് ഫെസ്റ്റ് സ്പോർട്ട്സ് ഫെസ്റ്റ് 'എന്നിവ ഈ കോളേജിൽ വച്ച് നടത്തപ്പെട്ടു. എല്ലാ കുട്ടികളും കലാകായിക മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടിയെടുക്കുകയും ചെയ്തു. കലാതിലകമായി നിഷ നായരെയും കലാപ്രതിഭയായി ബിൻസൺ ഏബ്രഹാമിനെയും തെരഞ്ഞെടുത്തു.

**2. പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ**

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന S.U.P.W പ്രവർത്തനങ്ങളോടനുബന്ധിച്ച് രണ്ടാംഘട്ട കൃഷിക്കുള്ള തയ്യാറെടുപ്പിലാണ് വിദ്ധ്യാർത്ഥികളും അദ്ധ്യാപകരും. എല്ലാ വിദ്ധ്യാർത്ഥികളും കോളേജിൽ ഒരു മെഡിസിനൽ ഫ്ളവർ ഗാർഡൻ ഉണ്ടാക്കാനുള്ള ശ്രമത്തിലാണ്.

**3. അദ്ധ്യാപക പരിശീലനം**

ബി.എഡ് പാഠ്യപദ്ധതിയുടെ ഭാഗമായ അദ്ധ്യാപക പരി

ശീലനത്തിനായി വിവിധ സ്കൂളുകളിലേക്ക് പോയ വിദ്ധ്യാർത്ഥികൾ ആഗസ്റ്റ് 8-ാം തീയതി കോളേജിൽ തിരിച്ചെത്തി. വിവിധ സ്കൂളുകളിൽ നിന്നു ലഭിച്ച അനുഭവസമ്പത്തുകൾ ഈ അദ്ധ്യാപക വിദ്ധ്യാർത്ഥികളുടെ മുന്നോട്ടുള്ള യാത്രയ്ക്ക് ഏറെ സഹായകമാകും.

**4. പ്രാക്ടിക്കൽ എക്സാമിനേഷൻ 2010 – 2011**

ബി.എഡ് പാഠ്യപദ്ധതി പ്രധാനമായും രണ്ടുവിഭാഗങ്ങളിലാണ് പൂർണ്ണമാകുന്നത്. തിയറിയും പ്രാക്ടിക്കലും. ഇതിൽ പ്രാക്ടിക്കൽ പരീക്ഷ ഒരു വിദ്യാർത്ഥിയുടെ അദ്ധ്യാപനത്തിലുള്ള മികവ് തെളിക്കുന്നതിനുള്ള അവസരമാണ്. ആഗസ്റ്റ് 17,18 തീയതികളിലാണ് 2010 – 2011 അദ്ധ്യയനവർഷത്തെ ബി.എഡ് വിദ്ധ്യാർത്ഥികളുടെ പ്രാക്ടിക്കൽ പരീക്ഷ നടന്നത്. വിദ്യാർത്ഥികളെല്ലാവരും പ്രാക്ടിക്കൽ പരീക്ഷ നല്ല രീതിയിൽ പൂർത്തീകരിച്ചു.

**5. മോഡൽ എക്സാമിനേഷൻ 2010 – 2011**

2010 – 2011 അധ്യയനവർഷത്തെ ബി. എഡ് മോഡൽ പരീക്ഷകൾ സെപ്റ്റംബർ മാസത്തിൽ നടത്താൻ തീരുമാനിച്ചു. സെപ്റ്റംബർ 13,15,17 എന്നീ തീയതികളിൽ മോഡൽ പരീക്ഷകൾ നടക്കും. വാർഷിക പരീക്ഷയെ അഭിമുഖീകരിക്കാനുള്ള തയ്യാറെടുപ്പാണ് ഈ മോഡൽ പരീക്ഷയിലൂടെ ലഭ്യമാക്കുന്നത്.

## M.E.D വിശേഷങ്ങൾ

മാർ സേവേറിയോസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ 2010–2011 അദ്ധ്യയനവർഷത്തെ M.E.D വിദ്ധ്യാർത്ഥികളുടെ ക്ലാസ്സുകൾ ജൂൺ 7-ാം തീയതി ആരംഭിച്ചു. ഈ വർഷം മുതൽ ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റത്തിലേക്ക് പാഠ്യപദ്ധതി പുനഃക്രമീകരിക്കപ്പെട്ടു. പുതിയ M.E.D കോഴ്സിൽ ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

പരിക്ഷ്കരിച്ച എം.എഡ് പാഠ്യപദ്ധതിയുടെ ഭാഗമായി വിദ്ധ്യാർത്ഥികളെ ഇന്റേൺഷിപ്പിനായി അഞ്ചു ദിവസത്തേക്ക് സ്കൂളുകളിലേക്കയച്ചു. ബി.എഡ് വിദ്ധ്യാർത്ഥികളുടെ അധ്യാപനപരിശീലനം വിലയിരുത്തുന്നതിനുള്ള അവസരമായിരുന്നു ഇത്. എല്ലാ വിദ്യാർത്ഥികളും അവരുടെ ഇന്റേൺഷിപ്പ് ഭംഗിയായി പൂർത്തിയാക്കി നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കി, അദ്ധ്യാപകരെ ഏല്പിക്കുകയും ചെയ്തു. എം.എഡ് വിദ്ധ്യാർത്ഥികളുടെ ഗവേഷണ പ്രബന്ധത്തിന്റെ പൂർത്തീകരണത്തിനാവശ്യമായ വസ്തുതകൾ ശേഖരിക്കുന്നതിനു വേണ്ടി ആഗസ്റ്റ് 17 -ാം തീയതി SCERT ലൈബ്രറിയിലേക്കും ആഗസ്റ്റ് 18 -ാം തീയതി എം.ജി. യൂണിവേഴ്സിറ്റി ലൈബ്രറിയിലേക്കും വിദ്യാർത്ഥികളെ അയച്ചു.





# മാക്ഫാസ്റ്റ്

## 1. MCA

- Macfast CSI/ISTE Students Chapter-ന്റെ ആഭിമുഖ്യത്തിൽ ഫോട്ടോഷോപ്പിനെക്കുറിച്ചുള്ള വർക്ഷോപ്പ് മാക്ഫാസ്റ്റിൽ നടത്തപ്പെട്ടു. നാലാം സെമസ്റ്റർ വിദ്യാർത്ഥി ദീപക് ഡി. കുര്യനും രണ്ടാം സെമസ്റ്റർ വിദ്യാർത്ഥിനി ചിന്നു ചന്ദ്രനും സംയുക്തമായി ക്ലാസ്സ് എടുത്തു.
- Vigil India Movement-ഉം കേരള സംസ്ഥാന ലീഗൽ സർവീസ് അതോറിറ്റിയുടേയും ആഭിമുഖ്യത്തിൽ 'Cyber Crime' -എന്ന വിഷയത്തെ ആസ്പദമാക്കി മാക്ഫാസ്റ്റിൽ നടത്തപ്പെട്ട സെമിനാർ എം.എൽ.എ. മാത്യു റ്റി. തോമസ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത സെമിനാറിൽ മിസ്റ്റർ എൻ. വിനയകുമാർ (Asst. Commissioner of Police, Hi-Tech Cell, TVM) ക്ലാസ്സ് എടുത്തു.
- Macfast CSI/ISTE Students Chapter-ന്റെ ആഭിമുഖ്യത്തിൽ PHP/MYSQL എന്നീ വിഷയങ്ങളെക്കുറിച്ചുള്ള 2-day workshop August 4,5 തീയതികളിൽ മാക്ഫാസ്റ്റ് കോളേജ് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. മിസ്റ്റർ റ്റിജി തോമസ് (HOD, MCA Dept.) പ്രസ്തുത സെമിനാറിൽ ക്ലാസ്സ് എടുത്തു.
- MCA 2011-2014 Batch -ന്റെ ഒന്നാം സെമസ്റ്റർ ക്ലാസ്സുകൾ ആഗസ്റ്റ് 24 ന് ആരംഭിക്കും. ആഗസ്റ്റ് 25,26,29 തീയതികളിൽ ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെടും.

## 2. MBA

- **ഒന്നാം വർഷ എം.ബി.എ. ക്ലാസ്സുകൾ ആരംഭിച്ചു.**

2011–2013 ബാച്ച് ക്ലാസുകൾ ജൂലൈ 13 ന് ആരംഭിച്ചു. ഉത്ഘാടന സമ്മേളനത്തിൽ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. പ്രമുഖ വ്യവസായിയും ഇന്റർചർച്ച് കൗൺസിൽ സെക്രട്ടറിയുമായ ശ്രീ. ജോൺ പോൾ ഉത്ഘാടനം നിർവ്വഹിച്ചു. പൂർവ്വ വിദ്യാർത്ഥി ശ്രീ. ദിലീപ് കോശി ആശംസകൾ നേർന്നു.

- **പ്രത്യേകപരിശീലന പരിപാടികൾ നടന്നു.**

പുതിയ എം.ബി.എ. ബാച്ചിന്റെ പ്രത്യേക പരിശീലന പരിപാടികൾ തയ്യാറാക്കിയ സമയക്രമമനുസരിച്ച് പൂർത്തിയാക്കി. ഇതിന്റെ ഭാഗമായി വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ഫാക്ടറി സന്ദർശിച്ചു.

- **പരീക്ഷകൾ ആരംഭിച്ചു.**

4-ാം സെമസ്റ്റർ വിദ്യാർത്ഥികളുടെ പരീക്ഷകൾ ജൂലൈ അവസാന ആഴ്ച ആരംഭിച്ച് ആഗസ്റ്റ് മദ്ധ്യത്തോടെ പൂർത്തിയാകും. രണ്ടാം സെമസ്റ്റർ ഇന്റേർണൽ പരീക്ഷ ആരംഭിച്ചു. ആഗസ്റ്റ് ആദ്യ വാരം പൂർത്തിയായി.

# റേഡിയോ മാക്ഫാസ്റ്റ്

## 1. ഹൃദയസ്പന്ദനം

'റേഡിയോ മാക്ഫാസ്റ്റ് 90.4' ഒന്നാം വാർഷികത്തോടനുബന്ധിച്ച് നടപ്പിലാക്കിയ 50 പേർക്ക് സൗജന്യ ഹൃദയശസ്ത്രക്രിയ ലക്ഷ്യമാക്കിയുള്ള 'ഹൃദയസ്പന്ദനം' പദ്ധതിയിൽ ആറാമത്തെ ശസ്ത്രക്രിയ ഈ മാസം നടത്തിക്കൊടുക്കാൻ ക്രമീകരണമായിട്ടുണ്ട്. പുഷ്പഗിരി ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് റേഡിയോ മാക്ഫാസ്റ്റ് നടപ്പിലാക്കുന്ന ഈ സംരംഭത്തോട് വ്യക്തികൾക്കും സംഘടനകൾക്കും സഹകരിക്കാം. സമൂഹത്തോടുള്ള പ്രതിബദ്ധതയായി കണ്ടാണ് 'ഹൃദയസ്പന്ദനം' പദ്ധതിക്ക് 'റേഡിയോ മാക്ഫാസ്റ്റ്' തുടക്കം കുറിച്ചത്. ഇന്ത്യൻ ഓവർസീസ് ബാങ്ക് തുകലശ്ശേരി ബ്രാഞ്ചിലെ റേഡിയോ മാക്ഫാസ്റ്റ് 3239 ചാരിറ്റി അക്കൗണ്ടിലും എസ്.ബി.റ്റി. തിരുവല്ല ബ്രാഞ്ചിലെ 67132622196 ചാരിറ്റി അക്കൗണ്ടിലും പണം നിക്ഷേപിച്ച് ഈ മഹത്തായ ഉദ്യമത്തിൽ ആർക്കും പങ്കുചേരാം.

## 2. രാമായണപാരായണം

ഹിന്ദുമത വിശ്വാസികളെ സംബന്ധിച്ച് രാമായണപാരായണം ചെയ്യുന്നത് പുണ്യകർമ്മമായി കണക്കാക്കുന്നു. രാമായണ മാസാചരണത്തോടനുബന്ധിച്ച് റേഡിയോ മാക്ഫാസ്റ്റിൽ ദിവസവും 15 മിനിറ്റ് രാമായണപാരായണം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇ.കെ.എസ്. വള്ളംകുളം, എൻ വിജയമോഹൻ എന്നിവരാണ് പാരായണം ചെയ്തത്.

## 3. ശുഭയാത്ര

റേഡിയോ മാക്ഫാസ്റ്റിൽ അടുത്തയിടെ ആരംഭിച്ച പരിപാടിയാണ് 'ശുഭയാത്ര' വിനോദസഞ്ചാരകേന്ദ്രങ്ങൾ പരിചയപ്പെടുത്തുന്നതാണ് ഈ പരിപാടി. റേഡിയോ മാക്ഫാസ്റ്റിൽ 53 പരിപാടികൾ നിലവിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്. തിരുവോണത്തിന് പ്രത്യേക പരിപാടിയും റോഡിയോ മാക്ഫാസ്റ്റിൽ ഒരുക്കിയിട്ടുണ്ട്.

## KUWAIT MALAYALEE CATHOLIC ASSOCIATION
## SILVER JUBILEE TRUST
## Reg.No.279/98

## വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

കെ.എം.സി.എ. സിൽവർ ജൂബിലി ട്രസ്റ്റിന്റെ സ്കോളർഷിപ്പ് പദ്ധതി 13-ാം വർഷത്തിലേക്ക് കടന്നതായി അറിക്കുന്നതിൽ സന്തോഷമുണ്ട്. ഈ വർഷവും സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കത്തോലിക്കാ സമൂഹത്തിൽപ്പെട്ട 200 വിദ്യാർത്ഥികൾക്ക് 5000 രൂപ വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് നല്കുന്നതാണ്. അപേക്ഷകർ 2011 മാർച്ചിലെ 10-ാം സ്റ്റാൻഡേർഡ് പരീക്ഷയിൽ താഴെപ്പറയുന്ന പ്രകാരം കണക്ക് കൂട്ടുമ്പോൾ കുറഞ്ഞത് 87% മാർക്ക് ഉള്ളവർ ആയിരിക്കണം. **(A+ = 90 Marks, B+ = 70 Marks, B = 60 Marks, C+ = 50 Marks, C= 40 Marks)** എന്ന പ്രകാരംകണക്കാക്കേണ്ടതാണ്.

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്, ടെലിഫോൺ നമ്പർ, രക്ഷകർത്താവിന്റെ പേര്/ ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് (നിർബന്ധമായും മേൽപ്പറഞ്ഞ രീതിയിൽ കണക്കാക്കിയത്) എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തിക സ്ഥിതിയെപ്പറ്റി ഇടവക വികാരിയുടെ സാക്ഷ്യപത്രവും 10-ാം ക്ലാസ്സ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോകോപ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2011 നവംബർ 20-ാം തീയതിക്കകം സാധാരണ തപാലിൽ അയയ്ക്കേണ്ടതാണ് :

അയയ്ക്കേണ്ട വിലാസം :

BABU ABRAHAM
Kizhakkedathu Mariam Complex
Pathanamthitta





## ആ ശം സ ക ൾ !

**ജന്മദിനം ആഘോഷിക്കുന്ന ബഹുമാനപ്പെട്ട വൈദികർക്ക് ഗിരിനാദത്തിന്റെ ജന്മദിനാശംസകൾ!**

| | |
|---|---|
| റവ. ഫാ. സ്കറിയാ പുത്തൻപുരയ്ക്കൽ | സെപ്റ്റം.05 |
| റവ. ഫാ. ഐസക് കിഴക്കേപറമ്പിൽ | 08 |
| റവ. ഫാ. ഫിലിപ്പ് പയ്യംപള്ളിൽ | 10 |
| റവ. ഫാ. ജേക്കബ് വാഴക്കുന്നത്ത് | 11 |
| റവ. ഫാ. മാത്യു മഴുവഞ്ചേരിൽ | 14 |
| റവ. ഫാ. ഏലിയാസ് തേക്കനാൽ | 16 |
| റവ. ഫാ. ഫിലിപ്പ് വട്ടമറ്റം | 18 |
| റവ. ഫാ. ഏബ്രഹാം ചാക്കോ നരിമറ്റത്തിൽ | 19 |
| റവ. ഫാ. ജെയിംസ് കുമ്പന്താനത്ത് | 26 |
| റവ. ഫാ. തോമസ് പുതിയവീട്ടിൽ | 28 |

## സ്മരണാഞ്ജലി

| | | |
|---|---|---|
| സെപ്റ്റം. | 02 | ഫാ. തെയോഫിലോസ് പോൾ മലയിൽ |
| ” | 07 | ഫാ. ബർണാർഡ് തോമസ് പാണ്ടിപ്പള്ളി |
| ” | 10 | ഫാ. ജോസഫ് പാലയ്ക്കൽ |
| ” | 11 | ഫാ. സഖറിയാസ് വടക്കേതലയ്ക്കൽ |
| ” | 16 | മോൺ. മാത്യു നെടുങ്ങാട്ട് |
| ” | 18 | ഫാ. ചെറിയാൻ മൈലക്കാട്ട് |
| ” | 18 | മോൺ. അലക്സാണ്ടർ പയ്യംപള്ളിൽ |
| ” | 26 | ഫാ. ജോസഫ് ഏറ്റുമാനൂർകാരൻ |
| ” | 26 | ഫാ. ജോസഫ് അയിരൂകുഴി |

## AUXILARY BISHOP'S DIARY

**2011 August 13th onwards**

| | | |
|---|---|---|
| 13 | | Kattappana |
| 14 | | Parish Visit-Venmony |
| 15 | 3.00 pm | Mullaperiyar Protest meet |
| | 7.00 pm | M.C.Y.M. Directors Meet - Kattappana |
| 16 | | Santhinilayam |
| 17 | | TVLA |
| 18 | | Marriage - Tiruvalla Cathedral |
| 19,20 | | Kattappana |
| 21 | | Highrange M.C.Y.M. meeting - Chettukuzhy |
| 22 | | Kattapana |
| 23 | | Sr. Angelica's Memorial Mass - Kumily |
| 24 | | Chethomkara |
| 25 | | Kallisserry |
| 26 | | Tvla |
| 27 | | Karukachal |
| 28 | | Parish Day - Kompayar |
| 29 | | Kottayam |
| 30 | | Auxiliam |
| 31 | | Assembly core-team meet - TVM |
| **September** | | |
| 1 | | Kattappana |
| 2 | | Parish Visit - Pattumala |
| 3 | | H.M. - Kanjirappally Cathedral |
| 4 | | Alappuzha Church |
| 5 | | Kattappana |
| 6 | | H.M - Mankulam, Idukki |
| 7 | | Mukkoottuthara |
| 8 | 8.00 am | Thottabhagom |
| | 11.00 am | Anchery |
| 9,10 | | Kattappana |
| 10 | | M.C.Y.M. Senate meet |
| 11 | | Jubilee Celebrations - Thrikomala |
| 12-16 | | Kattappana |
| 17 | | MCA Meet - Vennikulam |
| 18 | | Anavilasam |
| 19-26 | | Trivandrum |
| 27-30 | | Idukki Region |





## ARCHBISHOP'S DIARY

**2011 August 13th onwards**

| | | |
|---|---|---|
| 13 | 10.30am | H.M - Chengaroor |
| | 2.30pm | MCCL meeting - Santhinilayam |
| 14 | 12 Noon | House warming |
| | 2.30pm | MCA merit gathering - Santhinilayam |
| 15 | | Ahmedabad |
| 17 | 11am | Marriage - Tvla Cathedral |
| 18 | 10am | House warming |
| | 11am | Marriage - Tvla Cathedral |
| 21 | | MCYM Meeting - High Range |
| 24 | 10am | H.M - Thatta |
| 25 | 11.30am | Marriage - Cathedral |
| | 2.00pm | Chengannoor |
| | 3.00pm | Mukkoor |
| | 5.30pm | Pulikeezhu |
| 26 | 5.30pm | Kallumkal |
| 27 | 10.00am | Puthusserry |
| | 12.00noon | Nedumpuram |
| 28 | 8.30am | H.M. - Mothiravayal |
| | 4 pm | Kottayam |
| 29 | 10.30am | H.M.- Cathedral Kottayam |
| | 5.30 pm | Tiruvanvandoor |
| **September** | | |
| 4 | | Mannadisala |
| 8 | 8.30am | Chunkapara |
| 10 | 3.00pm | Tiruvalla Cathedral |
| 11 | 8.30 am | Ramakalmedu |
| 12 | 11.00am | Marriage- Niranam East |
| 15 | 10.30am | Marriage - Niranam |
| | 11.00am | Marriage - Tvla Cathedral |
| 16 | 9am | Medicity |
| 17 | 7.30 am | HM-Niranam |
| 18 | | H.M.-Kumarakam |
| 19-26 | | Trivandrum |
| 27-28 | | CBCI Bangalore |